2025 OCTOBER
30
THURSDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# സ്വർണ്ണവില: അമേരിക്കൻ നയവും അനിയന്ത്രിത ഇടിഎഫ് നിക്ഷേപവും

**കൊച്ചി:** മുമ്പില്ലാത്ത വിധം സ്വർണ്ണവിലയിൽ കുതിപ്പുണ്ടാകാൻ കാരണം ലോക രാജ്യങ്ങൾക്ക് മേൽ അമേരിക്ക ഏർപ്പെടുത്തിയ താരിഫ് നയങ്ങളും ഇടിഎഫ് നിക്ഷേപകർ കമ്പനികൾ വിട്ട് സ്വർണ്ണത്തിൽ നിക്ഷേപം വർധിപ്പിച്ചതും മൂലമെന്ന് പ്രിഷ്യസ് മെറ്റൽസ് റിഫൈനറീസ് ഫോറം (പിഎംആർഎഫ്) ഓൾ ഇന്ത്യ പ്രസിഡന്റും സിജിആർ മെറ്റലോയിസ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുമായ ജെയിംസ് ജോസ് സൊസൈറ്റി ടുഡേയോട് പറഞ്ഞു.

പണ്ടൊക്കെ നമ്മൾ കണ്ടുവന്നിരുന്നത് സ്വർണ്ണവില കൂടിക്കഴിഞ്ഞാൽ വാങ്ങൽ നിർത്തുകയും അതോടെ വില ഇടിയുന്നതുമായിരുന്നു. ഇതായിരുന്നു പത്തു വർഷം മുമ്പുള്ള അവസ്ഥ. എന്നാൽ ഇപ്പോൾ അതല്ല സ്ഥിതി. 2013 നു ശേഷം സ്വർണ്ണത്തിന്റെ വില കൂടാനുള്ള കാരണം ജനങ്ങളുടെ പർച്ചേസല്ല പ്രധാന കാരണം, മറിച്ച് സെൻട്രൽ ബാങ്കുകളുടെ പർച്ചേസാണ്. വില എത്രമാത്രം കൂടിയാലും അവർക്ക് പ്രശ്നമല്ല. അവർ സ്വർണ്ണം വാങ്ങുന്നത് തുടർന്നുകൊണ്ടിരിക്കുകയാണ്.

മൊത്തം സ്വർണ്ണം വാങ്ങലിന്റെ 30 ശതമാനം സെൻട്രൽ ബാങ്കുകളുടെ പർച്ചേസാണ്. 2013ന് ശേഷം ഇതാണ് സ്വർണ്ണ വില കൂടാനുള്ള മറ്റൊരു കാരണം. ചൈനയൊഴികെയുള്ള രാജ്യങ്ങളിലെ സെൻട്രൽ ബാങ്കുകൾ വാങ്ങുന്ന സ്വർണ്ണത്തിന്റെ കണക്കുകൾ പുറത്തു വരുന്നുണ്ട്. എന്നാൽ ചൈനയുടെ കണക്ക് പുറത്ത് വരാത്തതിനാൽ അവർ വാങ്ങുന്ന സ്വർണ്ണത്തിന്റെ കണക്ക് കൃത്യമായി അറിയാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.

2024 മുതൽ സ്വർണ്ണവില കൂടാനുള്ള മറ്റൊരു കാരണം അമേരിക്ക റഷ്യയുടെ മേൽ ഏർപ്പെടുത്തിയ ഇക്കണോമിക് ബ്ലോക്കേഡാണ്. അമേരിക്കൻ മണി ട്രാൻസ്ഫർ സംവിധാനമായ സ്വിഫ്റ്റ് വഴിയാണ് ഇന്റർനാണൽ കറൻസി ട്രാസ്ഫർ നടക്കുന്നത്. റഷ്യ തങ്ങളുടെ റിസർവ്വ് കറൻസിയുടെ നല്ലൊരു ശതമാനം ഡോളറിലാണ് സൂക്ഷിച്ചു വെച്ചിരുന്നത്.




റഷ്യയും യുക്രെയ്നും തമ്മിൽ യുദ്ധം വന്നപ്പോൾ റക്ഷ്യയുടെ ഫണ്ട് ട്രാൻസ്ഫർ സ്വിഫ്റ്റ് തടഞ്ഞു. ഇതോടെ റക്ഷ്യ പ്രതിസന്ധിയിലായി. കാരണം, റക്ഷ്യ എന്തു സാധനം വാങ്ങിയാലും ഡോളറിൽ വേണം ഇടപാടുകൾ നടത്താൻ . ഫണ്ട് ട്രാൻസ്ഫർ സ്വിഫ്റ്റ് ബ്ലോക്ക് ചെയ്തതോടെ റക്ഷ്യയുടെ റിസർവ്വിലുള്ള ഡോളർ അനക്കാൻ പറ്റാതായി. ഇത് റക്ഷ്യയ്ക്ക് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്.

ഇന്ത്യപോലുള്ള രാജ്യങ്ങളുടെ സഹായത്തോടെയാണ് ഇതിനെ റക്ഷ്യ മറികടന്നത്. ഇന്ത്യയിൽ രൂപയിലാണ് വ്യാപാരം ചെയ്യുന്നത്. ഡോളറില്ലെങ്കിലും പ്രശ്നമില്ല. ഇന്ത്യപോലുള്ള രാജ്യങ്ങൾക്ക് എണ്ണ വിറ്റാണ് അവർ പിടിച്ചു നിന്നത്. അമേരിക്ക നടത്തിയ ഇക്കണോമിക് ബ്ലോക്കേഡ് റക്ഷ്യയ്ക്ക് വലിയ പാഠമായി. റക്ഷ്യയോട് അമേരിക്ക കാണിച്ച നിലപാടിന്റെ അപകടം തിരിച്ചറിഞ്ഞ ചൈന ഇനി ഡോളറിൽ കറൻസി സൂക്ഷിയ്ക്കുന്നത് മണ്ടത്തരമാണെന്ന് വിലയിരുത്തി സ്വർണ്ണത്തിലേക്ക് നിക്ഷേപം മാറ്റി. 2024 മുതൽ ചൈന ഡോളർ വിറ്റഴിച്ച് സ്വർണ്ണത്തിൽ നിക്ഷേപിക്കാൻ തുടങ്ങി.

2025 ജനുവരിയിൽ അമേരിക്കയിൽ ഡൊണാൾഡ് ട്രംപ് വീണ്ടും അധികാരത്തിലെത്തിയതു മുതൽ വിവിധ രാജ്യങ്ങൾക്ക് അമേരിക്കയിലേക്കുള്ള ഇറക്കു മതിക്ക് പുതിയ താരിഫ് ഏർപ്പെടുത്തി. ഇതോടെ ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളുടെ അമേരിക്കയിലേക്കുള്ള കയറ്റുമതി വലിയ പ്രതിസന്ധിയിലായി. അമേരിക്കൻ നിലപാട് കറൻസിയുടെ മൂല്യം ദുർബലപ്പെടുത്തുന്ന സ്ഥിതിവരുമെന്ന് ബോധ്യമായതോടെ ഇനി കറൻസി സൂക്ഷിക്കുന്നത് വലിയ പ്രതിസന്ധിയിലേക്ക് കൂപ്പുകുത്താൻ കാരണമാകുമെന്ന് മറ്റു ലോകരാജ്യങ്ങൾ ഭയപ്പെടാൻ തുടങ്ങി. ഇതോടെ അവരും സ്വർണ്ണത്തിലേക്ക് കുടുതലായി നിക്ഷേപം നടത്താൻ ആരംഭിച്ചു. ജൂൺ മാസം ആയപ്പോഴേക്കും സ്വർണ്ണവില കുതിച്ചുയരാൻ തുടങ്ങി. തുടക്കത്തിൽ സ്വർണ നിക്ഷേപത്തിൽ നിന്നും മാറി നിന്നിരുന്ന ഇടിഎഫ് നിക്ഷേപകർ സ്വർണ്ണ വില ഉയരുന്നത് കണ്ട് മാറി ചിന്തിക്കാൻ തുടങ്ങി.

സ്വർണ്ണ നിക്ഷേപം വലിയ സാധ്യതയാണെന്ന് മനസിലാക്കി ഇടിഎഫിൽ ഇൻവെസ്റ്റ് ചെയ്തിരുന്നവർ കമ്പനികളിൽ ഇൻവെസ്റ്റ് ചെയ്യുതിനേക്കാൾ ലാഭം സ്വർണ്ണത്തിൽ ഇൻവെസ്റ്റ് ചെയ്യുന്നതാണെന്ന് മനസിലാക്കി കൂട്ടത്തോടെ സ്വർണ്ണ ഇടിഎഫ് നിക്ഷേപത്തിലേക്ക് തിരിഞ്ഞുവെന്നു മാത്രമല്ല അതിഭയങ്കരമായ രീതിയിൽ സ്വർണ്ണത്തിൽ ഇൻവെസ്റ്റ് ചെയ്യാൻ തുടങ്ങി. ഗോൾഡ് ഇടിഎഫ് വന്നതോടെ ഇത് എപ്പോൾ വേണമെങ്കിലും പൊട്ടാവുന്ന വലിയ കുമിളയായി മാറുമെന്ന് സ്വർണ്ണ വ്യാപാരികൾക്ക് ബോധ്യമായി. ഇതോടെ സെപ്തംബർ മുതൽ സ്വർണ്ണവ്യാപാരികൾ ജാഗ്രതയോടെയാണ് നിലകൊള്ളുന്നത്.

ഇപ്പോൾ സ്വർണ്ണവില താഴാൻ തുടങ്ങിയിട്ടുണ്ട്. ഗോൾഡ് ഇടിഎഫിന്റെ കൈവിട്ട കളിയെത്തുടർന്നുണ്ടായ ഭയമാണ് കാരണം. ഇപ്പോൾ വിപണിയിൽ നടക്കുന്നത് പ്രോഫിറ്റ് ടേക്കിംഗ് ആണ്. കൈയ്യിൽ ഇരിക്കുന്ന സ്വർണ്ണം വിറ്റ് ലാഭമെടുക്കൽ. ഇതിൽ ഒരു വിഭാഗം സാധാരണക്കാരാണ് തങ്ങളുടെ പക്കലുള്ള സ്വർണ്ണം വിൽക്കുന്നത്. സ്വർണ്ണം വിറ്റ് തങ്ങളുടെ സാമ്പത്തിക ബാധ്യത തീർക്കാനും വീട് അറ്റകുറ്റപ്പണി നടത്താനുമൊക്കെയുള്ള അവസരമായിട്ടാണ് അവർ ഇതിനെ കാണുന്നത്.

ഇതിന്റെ ഭാഗമായി വിപണിയിലേക്ക് വലിയ തോതിൽ സ്വർണ്ണമെത്തുകയാണ്. ഇതു മൂലം സ്വർണ്ണമെടുക്കാൻ ആളില്ലാതായിക്കൊണ്ടിരിക്കുകയാണ്. റോൾ ചെയ്യാൻ വ്യാപാരികളുടെ കൈയ്യിൽ പണമില്ലാത്ത സ്ഥിതിയുണ്ടാകുന്നുണ്ട്. കാരണം വാങ്ങിവെയ്ക്കുന്ന സ്വർണ്ണം വിറ്റാലെ കൈയ്യിൽ പണം ഉണ്ടാകുകയുള്ളു. പണം വന്നാലേ വീണ്ടും വാങ്ങാൻ സാധിക്കു. ഇത് മാർക്കറ്റിൽ ചെറിയ വിലയിടിവിന് കാരണമാകുന്നുണ്ട്.

ഗോൾഡ് ഇടിഎഫ് നിക്ഷേപം മന്ദഗതിയിലായതോടെ ഇനി സ്വർണ്ണ വില ഉയരങ്ങളിലേക്ക് പോകാൻ പ്രത്യേകിച്ച് കാരണങ്ങളില്ലെന്നാണ് വിലയിരുത്തുന്നത്. താഴോട്ട് എത്രമാത്രം പോകുമെന്ന് ഇപ്പോൾ പറയാൻ കഴിയില്ല. പക്ഷേ മറ്റു വസ്തുതകളെല്ലാം പഴയതുപോലെ നിൽക്കുന്നതിനാൽ വലിയ തോതിലുള്ള പതനം ഉണ്ടാകില്ലെന്നാണ് ചൂണ്ടിക്കാണിക്കുന്നതെന്നും ജെയിംസ് ജോസ് വ്യക്തമാക്കി.



ജെയിംസ് ജോസ്

## പിഎസ്‌യു ബാങ്കുകളിൽ വിദേശ നിക്ഷേപം ഉയർത്താൻ കേന്ദ്ര സർക്കാർ

**ന്യൂഡൽഹി:** പൊതുമേഖല ബാങ്കുകളിലെ പ്രത്യക്ഷ വിദേശ നിക്ഷേപം (ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ്) ഉയർത്താൻ കേന്ദ്ര സർക്കാർ പദ്ധതിയിടുന്നതായി റിപ്പോർട്ട്.

നിക്ഷേപം 49 ശതമാനം വരെയായി ഉയർത്താനുള്ള ഒരുക്കത്തിലാണ് കേന്ദ്രസർക്കാർ. ഇപ്പോൾ അനുവദനീയമായ പരിധിയുടെ ഇരട്ടിയാണിത്. നിലവിൽ 20 ശതമാനമാണ് നിക്ഷേപ പരിധി. നിക്ഷേപപരിധി ഉയർത്തുന്ന കാര്യം ധനമന്ത്രാലയം റിസർവ് ബാങ്കുമായി ചർച്ച ചെയ്തു വരുകയാണെന്ന് ഇതുമായി ബന്ധപ്പെട്ട ചർച്ചകളിൽ നേരിട്ട് ഉൾപ്പെട്ട വ്യക്തിയെ ഉദ്ധരിച്ച് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇതുവരെ തീരുമാനമായിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

ഈയിടെയായി നിരവധി വിദേശ നിക്ഷേപകർ ഇന്ത്യൻ ബാങ്കുകളിൽ മുതൽ മുടക്കാൻ താത്പര്യം കാണിക്കുന്നുണ്ട്. ആർബിഎൽ ബാങ്കിന്റെ 60 ശതമാനം ഓഹരി 300 കോടി ഡോളറിന് ദുബായി കേന്ദ്രമായുള്ള എൻബിഡി വാങ്ങി.




യെസ് ബാങ്കിന്റെ 20 ശതമാനം ഓഹരി സുമിടോമോ മിത്സുയി ബാങ്കിംഗ് കോർപറേഷൻ 160 കോടി ഡോളറിനു വാങ്ങി. പിന്നീട് മറ്റൊരു 4.99 ശതമാനം ഓഹരി കൂടി വാങ്ങുകയും ചെയ്തു. ഫെഡറൽ ബാങ്കിന്റെ 9.99 ശതമാനം ഓഹരി 6,200 കോടി രൂപയ്ക്ക് യുഎസിലെ നിക്ഷേപക കമ്പനിയായ ബ്ലാക്സ്റ്റോൺ വാങ്ങി.

സർക്കാർ ഉടമസ്ഥതയിലുള്ള ബാങ്കുകളും വിദേശ നിക്ഷേപകരിൽനിന്ന് നിക്ഷേപം നേടാൻ താത്പര്യം പ്രകടിപ്പിക്കുന്നുണ്ട്. വിദേശ ഉടമസ്ഥാവകാശ പരിധി ഉയർത്തുന്നത് വരും വർഷങ്ങളിൽ കൂടുതൽ മൂലധനം നേടാൻ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

പൊതുമേഖല, സ്വകാര്യ ബാങ്ക് വ്യവസ്ഥകളിൽ അന്തരം കുറയ്ക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ നീക്കം. വിദേശ നിക്ഷേപം കൂടുതലെത്തുന്നത് പൊതുമേഖല ബാങ്കുകളിൽക്ക് കൂടുതൽ മൂലധന നേടാൻ സഹായിക്കും. സ്വകാര്യ ബാങ്കുകളിൽ 74 ശതമാനമാണ് അനുവദനീയമായ പരമാവധി വിദേശ പങ്കാളിത്തം. പൊതുമേഖല ബാങ്കുകളിൽ വിദേശ നിക്ഷേപ പരിധി 49 ശതമാനത്തിലേക്ക് ഉയർത്തിയാലും 51 ശതമാനം ഓഹരി പങ്കാളിത്തത്തോടെ സർക്കാരിന് ഭൂരിപക്ഷം ഉടമസ്ഥാവകാശം നിലനിൽക്കും. ഇന്ത്യയിൽ നിലവിൽ 12 പൊതുമേഖല ബാങ്കുകളാണുള്ളത്. 171 ലക്ഷം കോടി രൂപയാണ് ഇവയുടെ സംയുക്ത ആസ്തി. ഇത് ബാങ്കിംഗ് മേഖലയുടെ 55 ശതമാനം വരും.

## ബ്ളാക്സ്റ്റോൺ നിക്ഷേപം അതിവേഗ വളർച്ചയ്ക്ക് സഹായകമാകും

**കൊച്ചി:** യുഎസ് കേന്ദ്രമായുള്ള പ്രമുഖ ആഗോള പ്രൈവറ്റ് ഇക്വിറ്റി സ്ഥാപനമായ ബ്ലാക്ക്സ്റ്റോണിന്റെ 6200 കോടി രൂപയുടെ നിക്ഷേപം ഫെഡറൽ ബാങ്കിന്റെ അതിവേഗ വളർച്ചയ്ക്ക് ഏറെ സഹായമാകുമെന്ന് ബാങ്കിന്റെ എംഡിയും സിഇഒയുമായ കെ.വി.എസ് മണിയൻ അഭിപ്രായപ്പെട്ടു. രാജ്യത്തെ ഏറ്റവും വലിയ അഞ്ച് സ്വകാര്യ ബാങ്കുകളിൽ ഒന്നാകാനുള്ള ലക്ഷ്യത്തിലാണ് ഫെഡറൽ ബാങ്ക്. മൂലധന പര്യാപ്തത വർധിപ്പിക്കാനും സ്വാഭാവികമായ വളർച്ചയ്ക്ക് ആക്കം കൂട്ടാനും ബ്ലാക്ക്സ്റ്റോണിന്റെ നിക്ഷേപം ബാങ്കിനെ സഹായിക്കും.

വാറന്റ് രീതിയിൽ ഘട്ടംഘട്ടമായാണ് ബ്ലാക്ക്സ്റ്റോൺ നിക്ഷേപം നടത്തുക. ഇതുപ്രകാരം, ബാങ്കിന്റെ വളർച്ചാ ലക്ഷ്യങ്ങൾക്ക് അനുസൃതമായ മൂലധനം ലഭിക്കുന്നതിനൊപ്പം ഓഹരിയുടെ മൂല്യം കുറയാതെയും നിൽക്കുകയും ചെയ്യും. ലാഭത്തോടെയുള്ള വളർച്ചയും ശക്തമായ ബാലൻസ്ഷീറ്റുമാണ് വർഷങ്ങളായി ഫെഡറൽ ബാങ്കിനുള്ളത്. നടപ്പു സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ കാസ (കറന്റ് അക്കൗണ്ട് സേവിങ്സ് അക്കൗണ്ട്) അനുപാതം 31 ശതമാനമായി ഉയർന്നു. ബാങ്കിന്റെ സാമ്പത്തിക അടിത്തറ ശക്തമാണെന്നാണ് കാസ അനുപാതത്തിലെ വളർച്ച സൂചിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.





# എമർജൻസി മോക്ക് ഡ്രിൽ വിജയകരം; കൊച്ചി വിമാനത്താവളം അടിയന്തിര സാഹചര്യം നേരിടാൻ സജ്ജം

**കൊച്ചി:** അടിയന്തിര സാഹചര്യം നേരിടാൻ സജ്ജമാണോയെന്ന് പരിശോധിക്കാനുള്ള ഫുൾ സ്കെയിൽ എമർജൻസി മോക്ഡ്രിൽ കൊച്ചി വിമാനത്താവളത്തിൽ നടത്തി. വിമാനത്താവളത്തിലെ സുരക്ഷാ സജ്ജീകരണങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ, രണ്ടുവർഷത്തിൽ ഒരിക്കലാണ് വിമാന അപകടത്തിന് സമാനമായ സാഹചര്യം കൃത്രിമമായി സൃഷ്ടിച്ച് സമ്പൂർണ മോക്ഡ്രിൽ നടത്തുന്നത്. സിയാലിന്റെ മേൽനോട്ടത്തിൽ, വിവിധ എയർലൈനുകൾ, ദുരന്ത നിവാരണ സേന, ഇന്ത്യൻ നേവി, ജില്ലാ ഭരണകൂടം, എയർപോർട്ട് അതോറിറ്റി, കോസ്റ്റ്ഗാർഡ്, സി.ഐ.എസ്.എഫ്, കേന്ദ്ര കാലാവസ്ഥാ വകുപ്പ്, എയർപോർട്ട് ഹെൽത്ത് ഓർഗനൈസേഷൻ, ആശുപത്രികൾ തുടങ്ങി മുപ്പതോളം ഏജൻസികൾ മോക്ഡ്രില്ലിൽ പങ്കെടുത്തു. ഇൻഡിഗോ എയർലൈനാണ് മോക് ഡ്രില്ലിനായി സിയാലിനൊപ്പം കൈകോർത്തത്.

എ567, ആൽഫാ എയർലൈൻസ് എന്ന സാങ്കൽപ്പിക വിമാനമാണ് എമർജൻസി മോക്ക് ഡ്രില്ലിന് ഉപയോഗിച്ചത്. ആറ് ജീവനക്കാർ ഉൾപ്പെടെ 113 പേർ വിമാനത്തിൽ ഉണ്ടായിരുന്നു. വിമാനം ടേക് ഓഫ് ചെയ്ത് കഴിഞ്ഞ്, ഉച്ചയ്ക്ക് 2:11ന്, എൻജിനിൽ തീപിടിത്തമുണ്ടായതായി പൈലറ്റ് ഇൻ കമാൻഡ്, എ.ടി.സി യെ അറിയിച്ചു. റൺവെയിൽ വിമാനം ഇറക്കാൻ സാധിക്കാതെ സിയാൽ ഗോൾഫ് ക്ലബിന് സമീപം വിമാനം തകർന്നു വീണതായിട്ടാണ് മോക്ക് ഡ്രില്ലിൽ ചിത്രീകരിച്ചത്. ഇതോടെ വിമാനത്താവളത്തിൽ ഫുൾ സ്കെയിൽ എമർജൻസി പ്രഖ്യാപിക്കപ്പെട്ടു. സിയാൽ അഗ്നി ശമന രക്ഷാ വിഭാഗം (എ.ആർ.എഫ്.എഫ്) അത്യാധുനിക ഉപകരണങ്ങളുമായി വിമാനത്തിന് അരികിലെത്തി. 'അപകടത്തിൽ' പരുക്കേറ്റവരേയും കൊണ്ട് ഇരുപതോളം ആംബുലൻസുകൾ കുതിച്ചു. കമാൻഡന്റ് നാഗേന്ദ്ര ദേവ്രാരിയുടെ നേതൃത്വത്തിൽ സി.ഐ.എസ്.എഫ്. സുരക്ഷാ ചുമതല ഏറ്റെടുത്തു. രക്ഷാപ്രവർത്തനത്തിന്റെ ഏകോപനം എയർപോർട്ട് ഡയറക്ടർ മനു ജി നിർവഹിച്ചു. കാര്യക്ഷമമായ രക്ഷാപ്രവർത്തനം ഉറപ്പുവരുത്താൻ എമർജൻസി കൺട്രോൾ റൂം, അംസംബ്ലി ഏരിയ, സർവൈവേഴ്സ് റിസപ്ഷൻ ഏരിയ, മീഡിയ സെന്റർ എന്നിവയും പ്രവർത്തനം തുടങ്ങി. ജില്ലാ ഭരണകൂടത്തിന്റെ ദുരന്തനിവാരണ സംഘവും രക്ഷാദൗത്യം ഏകോപിപ്പിക്കുന്നതിൽ പങ്കുവഹിച്ചു. മൂന്നരയോടെ രക്ഷാ ദൗത്യം അവസാനിച്ചതായുള്ള പ്രഖ്യാപനം വന്നു. മോക്ക് ഡ്രില്ലിലൂടെ സിയാലിന്റെ സുരക്ഷാ തയ്യാറെടുപ്പുകൾ പരീക്ഷിക്കപെടുകയും വിജയം കാണുകയും ചെയ്തു. ഇതിനായി പ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിക്കുന്നുവെന്ന് സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ് പറഞ്ഞു.

സിയാൽ എമർജൻസി ടാസ്ക് ഫോഴ്സ്, കേരള പോലീസ്, പോസ്റ്റൽ ഡിപ്പാർട്ട്മെന്റ്, കേരള ഫയർ ഫോഴ്സ്, ബി.പി.സി.എൽ, എന്നീ ഏജൻസികൾക്ക് പുറമെ രാജഗിരി, മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, ലിറ്റിൽ ഫ്ളവർ അപ്പോളോ, സി.എ ഹോസ്പിറ്റൽ, നജാത് ഹോസ്പിറ്റൽ, കാരോത്തുകുഴി ഹോസ്പിറ്റൽ, ആംബുലൻസ് സർവീസുകൾ എന്നിവ മോക്ഡ്രില്ലിൽ പങ്കെടുത്തു.

# രണ്ടുമാസത്തിനിടെ ഇടുക്കി ഡാം കണ്ടത് 27,700 സഞ്ചാരികൾ

**ഇടുക്കി:** ഇടുക്കി ആർച്ച് ഡാം സന്ദർശനത്തിനായി രണ്ട് മാസത്തിനിടെ എത്തിയത് 27,700 സഞ്ചാരികൾ. കഴിഞ്ഞ സെപ്റ്റംബർ ഒന്നിനാണ് പൊതുജനങ്ങൾക്ക് സന്ദർശിക്കാനായി അണക്കെട്ട് തുറന്നു കൊടുത്തത്. ഒക്ടോബർ 24 വരെയുള്ള കണക്കുകൾ പ്രകാരം 25060 മുതിർന്നവരും 2640 കുട്ടികളും ഡാം കാണാനെത്തി.

കുറുവൻ കുറത്തി മലകളെ ബന്ധിപ്പിക്കുന്ന ഇടുക്കി ഡാമും സമീപത്തെ ചെറുതോണി അണക്കെട്ടും സഞ്ചാരികൾക്ക് സമ്മാനിക്കുന്നത് അപൂർവമായ ദൃശ്യാനുഭവമാണ്. ഓണം, വിജയദശമി, ദീപാവലി തുടങ്ങിയ അവധിദിനങ്ങളിൽ സഞ്ചാരികളുടെ ഒഴുക്കായിരുന്നു ഇവിടേയ്ക്ക്.

ഡാമിൽ പരിശോധനകൾ നടക്കുന്ന ബുധനാഴ്ചകളിലും റെഡ്, ഓറഞ്ച് അലർട്ട് ദിവസങ്ങളിലും പ്രവേശനമില്ല. സുരക്ഷാ മുന്നറിയിപ്പുകൾ നിലനിൽക്കുന്നതിനാൽ അണക്കെട്ടുകൾക്കു മുകളിലൂടെ കാൽനട യാത്ര അനുവദിക്കില്ല.

ഹൈഡൽ ടൂറിസം അധികൃതർ ഏർപ്പെടുത്തിയിട്ടുള്ള ബഗ്ഗി കാറിൽ മാത്രമേ യാത്ര അനുവദിക്കുകയുള്ളൂ. ഓൺലൈൻ ബുക്കിങ് വഴി സന്ദർശനത്തിന് ടിക്കറ്റ് എടുക്കാം. www.keralahydeltourism.com എന്ന വെബ്സൈറ്റ് വഴി ബുക്ക് ചെയ്യാം. ചെറുതോണി ഡാമിന്റെ പ്രവേശന കവാടത്തിനു സമീപം ടിക്കറ്റ് കൗണ്ടറും ക്രമീകരിച്ചിട്ടുണ്ട്. ഓൺലൈൻ ബുക്കിങ്ങിനു ശേഷം സീറ്റുകൾ ഒഴിവുണ്ടെങ്കിൽ ഇവിടെ നിന്നു ടിക്കറ്റ് കരസ്ഥമാക്കാം.

ചെറുതോണി തൊടുപുഴ റോഡിൽ പാറേമാവിൽ കൊലുമ്പൻ സമാധിക്കു മുന്നിലുള്ള പാതയിലൂടെ പ്രവേശന കവാടത്തിലേയ്ക്ക് എത്താം. മെഡിക്കൽ കോളജിനു മുന്നിലൂടെയുള്ള വഴിയിലൂടെ തിരികെ പോകാം. അടുത്ത മാസം മുതൽ സന്ദർശക നിയന്ത്രണം ഒഴിവാക്കാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ട്. എന്നാൽ ഔദ്യോഗിക ഉത്തരവ് ഇറങ്ങിയിട്ടില്ല.

നവംബർ 30 വരെ പൊതുജനങ്ങൾക്ക് സന്ദർശനം അനുവദിക്കാനാണ് നിലവിലുള്ള തീരുമാനം. നിയന്ത്രണം ഒഴിവാക്കിയാൽ സഞ്ചാരികളുടെ എണ്ണത്തിൽ വൻ വർധനയുണ്ടാകുമെന്നാണ് പ്രതീക്ഷ. കെ.എസ്. ഇ.ബി ഹൈഡൽ ടൂറിസം വിഭാഗമാണ് സന്ദർശകർക്കുള്ള ബഗ്ഗി കാറുകൾ സജ്ജമാക്കിയിരിക്കുന്നത്. മുതിർന്നവർക്ക് 150 രൂപയും കുട്ടികൾക്ക് 100 രൂപയുമാണ് ടിക്കറ്റ് നിരക്ക്. സന്ദർശകർ ആധാർ കാർഡ് ഹാജരാക്കണം.

# അഖില കേരള ഭവൻസ് കലോത്സവം 31ന്

**കൊച്ചി:** 27ാമത് അഖില കേരള ഭവൻസ് കലോത്സവത്തിന്റെ രണ്ടാംഘട്ട മത്സരം കാക്കനാട് ഭവൻസ് ആദർശ വിദ്യാലയത്തിൽ ഒക്ടോബർ 31ന് നടക്കും. ഫെസ്റ്റിന്റെ രണ്ടും മൂന്നും കാറ്റഗറികൾക്കാണ് ആദർശ വിദ്യാലയം വേദിയാകുന്നത്. കേരളത്തിൽ നിന്നും 31 സ്കൂളുകളിൽ നിന്നായി ആയിരത്തി ഇരുനൂറോളം വിദ്യാർഥികൾ കലോത്സവത്തിൽ പങ്കെടുക്കും. മുൻ ചീഫ് സെക്രട്ടറിയും കവിയുമായ കെ. ജയകുമാർ കലോത്സവം ഉദ്ഘാടനം ചെയ്യും. ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര ചെയർമാൻ വേണുഗോപാൽ സി ഗോവിന്ദ് അധ്യക്ഷത വഹിക്കും. കൊച്ചി കേന്ദ്ര ഡയറക്ടർ ഇ രാമൻകുട്ടി, സ്കൂൾ പ്രിൻസിപ്പൽ കല്ല്യാണി ശ്രീകുമാർ എന്നിവർ ചടങ്ങിൽ പങ്കെടുക്കും. വൈകിട്ട് നടക്കുന്ന സമാപന സമ്മേളനത്തിൽ പിന്നണി ഗായകരായ ജിത്തിൻ രാജ്, പൂർണശ്രീ ഹരിദാസ് എന്നിവർ വിശിഷ്ടാതിഥികളായിരിക്കും. സെപ്റ്റംബർ 13ന് തിരുവനന്തപുരം മൺവിള ഭാരതീയ വിദ്യാഭവനിലാണ് ഫെസ്റ്റിന്റെ ആദ്യ മത്സരം നടന്നത്. നവംബർ ഒന്നിന് തൃശൂർ പോട്ടൂർ ഭവൻസിൽ നടക്കുന്ന കാറ്റഗറി അഞ്ചിന്റെ മത്സരത്തോടെ കലോത്സവം സമാപിക്കും.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള മീഡിയ അക്കാദമി കാക്കനാട് ഓഫീസിൽ ഒഴിവുള്ള യുഡി ടൈപ്പിസ്റ്റ് തസ്തികയിൽ അന്യത്രസേവന (ഡെപ്യൂട്ടേഷൻ) വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകളിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്നവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 25. അപേക്ഷ സമർപ്പിക്കേണ്ട വിലാസം: സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി 682030. ഫോൺ 0484 2422275, 0484 2422068

## സെമിനാർ

**കൊച്ചി:** വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കുമായി ജില്ലാ സൈനിക ക്ഷേമ ഓഫീസിന്റെ ആഭിമുഖ്യത്തിൽ സെമിനാർ സംഘടിപ്പിക്കുന്നു. നവംബർ 7 ന് രാവിലെ 11 മുതൽ ഉച്ചയ്ക്ക് ഒന്ന് വരെ കാക്കനാട് സൈനിക റസ്റ്റ് ഹൗസിൽ സെമിനാർ നടക്കും. വിവിധ സൈനിക ക്ഷേമ, പുനരധിവാസ പദ്ധതികളെ കുറിച്ച് അറിയുന്നതിനും സംശയനിവാരണങ്ങൾക്കുമുള്ള അവസരം ഉണ്ടായിരിക്കും. ഫോൺ: 0484 2422239

## എം എസ് സി നഴ്സിംഗ് കോഴ്സിൽ ഒഴിവ്

**കൊച്ചി:** എറണാകുളം ഗവ. നഴ്സിംഗ് കോളേജിൽ എം എസ് സി മെന്റൽ ഹെൽത്ത് നഴ്സിംഗ് സ്പെഷാലിറ്റിയിൽ ഒരു ഒഴിവ്. പ്രവേശന പരീക്ഷ കമ്മീഷണറുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താൽപര്യമുള്ള വിദ്യാർത്ഥികൾ ഒക്ടോബർ 30 രാവിലെ 11 ന് അസൽ രേഖകളുമായി എറണാകുളം ഗവ. നഴ്സിംഗ് കോളേജ് പ്രിൻസിപ്പാൾ മുൻപാകെ നേരിട്ട് ഹാജരാകണം.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള മീഡിയ അക്കാദമിയുടെ ന്യൂമീഡിയ ആന്റ് ഡിജിറ്റൽ ജേർണലിസം ഡിപ്ലോമ കോഴ്സിലേക്ക് (ഈവനിംഗ് ബാച്ച്) അപേക്ഷ ക്ഷണിച്ചു. ആറ് മാസമാണ് കോഴ്സിന്റെ കാലാവധി. കൊച്ചി, തിരുവനന്തപുരം കേന്ദ്രങ്ങളിൽ വൈകീട്ട് ആറു മുതൽ എട്ടു വരെയാണ് ക്ലാസ് സമയം. ഒരേ സമയം ഓൺലൈനിലും ഓഫ് ലൈനിലും ക്ലാസ് ലഭ്യമാണ്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 35,000 രൂപയാണ് ഫീസ്. ഡിഗ്രിയാണ് വിദ്യാഭ്യാസ യോഗ്യത. പ്രായപരിധി ഇല്ല.
ജേണലിസം, മോജോ, ഡിജിറ്റൽ മാർക്കറ്റിംഗ് കണ്ടന്റ് റൈറ്റിംഗ് ടെക്നിക്ക്സ്, ഫോട്ടോ ജേർണലിസം, വീഡിയോ എഡിറ്റിംഗ് തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം നേടി തൊഴിൽ സാധ്യതയുള്ള സർക്കാർ അംഗീകൃത യോഗ്യത നേടാം. ഓൺലൈനായി അപേക്ഷിക്കുന്നതിന് മീഡിയ അക്കാദമിയുടെ www.kma.ac.in വെബ്സൈറ്റ് സന്ദർശിക്കുക. https://forms.gle/Vxyk4Z4FrR8DwMUv9 ലിങ്കിലൂടെയും അപേക്ഷ സമർപ്പിക്കാം. അവസാന തിയതി നവംബർ 15. വിലാസം സെക്രട്ടറി , കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി 682030 ഫോൺ: 0484 2422275, 2422068, 9388959192,04712726275.

## ക്വട്ടേഷൻ/ലേലം

**കൊച്ചി:** മുനമ്പം ഫിഷിംഗ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ മത്സ്യക്കച്ചവടക്കാരുടെ ക്രെയ്റ്റ് സൂക്ഷിക്കുന്നതിനുള്ള ഷെഡിലെ നാലാം നമ്പർ മുറി നവംബർ 15 മുതൽ 2026 നവംബർ 14 വരെ വാടകയ്ക്ക് നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ഫോൺ: 0484 2397370

## ഇ-ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് 202526 വാർഷിക പദ്ധതിയിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിന് അംഗീകൃത കരാറുകാരിൽ നിന്നും റീടെൻഡർ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമാണ്.

# ഐ.ടി മേഖലയിൽ അഞ്ച് ലക്ഷം തൊഴിൽ സൃഷ്ടിക്കുക ലക്ഷ്യം: മുഖ്യമന്ത്രി

**കൊച്ചി:** വിവര സാങ്കേതിക മേഖലയിൽ 2031നകം അഞ്ച് ലക്ഷം തൊഴിൽ സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. രാജ്യത്തെ ഐ.ടി വിപണിയുടെ പത്തു ശതമാനം കേരളത്തിന്റേതാകണമെന്നും ഇതിനുതകുന്ന തരത്തിൽ ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകളുടെ എണ്ണം 120ലെത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

വിഷൻ 2031 ന്റെ ഭാഗമായി ഇലക്ട്രോണിക്സ് ആൻഡ് ഐടി വകുപ്പ് സംഘടിപ്പിച്ച 'റീകോഡ് കേരള 2025 ഐ. ടി. സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

അടിസ്ഥാന സൗകര്യ വികസനം മുതൽ നൈപുണ്യ വികസനംവരെയുള്ള മേഖലകളിൽ വേറിട്ട കാഴ്ച്ചപ്പാടോടെ ചർച്ച ചെയ്യണം. സംസ്ഥാനത്തെ ഐ.ടി സ്ഥലസൗകര്യം മൂന്ന് കോടി ചതുരശ്ര അടിയായി വർദ്ധിപ്പിക്കണം. ഭൂമിലഭ്യതയിലുള്ള പരിമിതി കണക്കിലെടുത്ത് ഐ.ടി. മേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ലാൻഡ് പൂളിംഗ് മാതൃകയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഡാറ്റ സെന്ററുകൾ, ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ സൈറ്റുകൾ, സാറ്റലൈറ്റ് ഐ.ടി പാർക്കുകൾ എന്നിവ സംസ്ഥാനത്ത് ഉണ്ടാകണം. ഊർജ വിനിയോഗം, നിർമാണം തുടങ്ങിയ മേഖലകളിൽ സുസ്ഥിര വികസന മാതൃകകൾ പിന്തുടരണം. ഐ.ടി. രംഗത്ത് നൈപുണ്യം സിദ്ധിച്ച പത്ത് ലക്ഷം യുവജനങ്ങളെ വാർത്തെടുക്കുക, അഞ്ച് ലക്ഷം ഉന്നത തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകളിൽ രണ്ട് ലക്ഷം പേർക്ക് തൊഴിൽ എന്നിവ സാധ്യമാകുന്ന വിധത്തിൽ, വ്യത്യസ്തങ്ങളായ സ്ഥാപനങ്ങൾക്ക് രൂപം നൽകാനാകണം. കേരള ഫ്യൂച്ചർ ടെക്നോളജി മിഷൻ, കേരള സെമികോൺ മിഷൻ, കേരള എ.ഐ. മിഷൻ തുടങ്ങിയ സ്ഥാപനങ്ങൾക്ക് രൂപം നൽകണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

സെമികണ്ടക്ടർ മേഖലയിലെ മുന്നേറ്റങ്ങളുടെ ഗുണഫലങ്ങൾ ഉപയോഗപ്പെടുത്താൻ ഈ മേഖലയിലെ ഗവേഷണത്തിന് പ്രാധാന്യം നൽകണം. കൊച്ചിയിലെ മേക്കർ വില്ലേജ്, രാജ്യത്ത് തന്നെ ഏറ്റവും വലിയ ഹാർഡ്‌വെയർ ഇൻക്യുബേറ്ററായി മാറിയിട്ടുണ്ട്. വയനാട്, കണ്ണൂർ, പാലക്കാട്, ആലപ്പുഴ, തൃശൂർ, കോട്ടയം എന്നിവിടങ്ങളിൽ പ്രാദേശിക ഇൻക്യുബേഷൻ, ഗവേഷണ വികസന കേന്ദ്രങ്ങൾ ഉൾപ്പെടുത്തി, മേക്കർ വില്ലേജ് 2.0 പദ്ധതിക്ക് രൂപം നൽകും. നിർമ്മിത ബുദ്ധി മേഖലയിൽ, സംസ്ഥാനത്തെ ആഗോള ശ്രദ്ധാ കേന്ദ്രമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. തനത് സാങ്കേതിക വിദ്യകളും, നിർമ്മിത ബുദ്ധിയും ഉപയോഗിച്ച് സർക്കാർ സേവനങ്ങളും, ഭരണനിർവഹണവും ജനങ്ങൾക്ക് എങ്ങനെ കൂടുതൽ പ്രയോജനപ്രദമാക്കാമെന്നും ചർച്ച ചെയ്യണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഭൂപരിഷ്കരണത്തിലും വിദ്യാഭ്യാസത്തിലും കാഴ്ച വച്ച കേരള മോഡൽ മറ്റു രംഗങ്ങളിലും സംസ്ഥാനം പിന്തുടരുകയാണ്. രാജ്യത്തെ ആദ്യത്തെ ടെക്നോപാർക്കും , ഇലക്ട്രോണിക്സ് പ്രൊഡക്ഷൻ കമ്പനിയും കേരളത്തിലാണ് ആരംഭിച്ചത്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയും, ഡിജിറ്റൽ സയൻസ് പാർക്കും സ്ഥാപിച്ചു. 2016ൽ 300 സ്റ്റാർട്ടപ്പുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്നത് 6400 ആണ്. ഇന്ത്യയിൽ തന്നെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് സൗഹൃദാന്തരീക്ഷം നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. 2021നും 23നും ഇടയിൽ സ്റ്റാർട്ടപ്പ് മേഖലയിൽ 254% വളർച്ചയാണ് ഉണ്ടായത്. ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ ഫാബ് ലാബ് സ്ഥാപിക്കപ്പെട്ടതും ഇവിടെയാണ്. കഴിഞ്ഞ ഒരു ദശാബ്ദക്കാലത്ത് 6000 കോടി രൂപയുടെ നിക്ഷേപമാണ് സ്റ്റാർട്ടപ്പുകൾ മുഖേന കേരളത്തിൽ എത്തിയത്. 900ൽ അധികം ആശയങ്ങൾക്ക് പ്രാരംഭ ഘട്ട ധനസഹായമായി 50 കോടി രൂപ അനുവദിക്കാനായി മുഖ്യമന്ത്രി പറഞ്ഞു.

ചടങ്ങിൽ എറണാകുളം സൗത്ത് മെട്രോ സ്റ്റേഷനിൽ ഇൻഫോപാർക്കിന്റെ നേതൃത്വത്തിൽ ഒരുക്കിയിരിക്കുന്ന പ്രീമിയം കോ വർക്കിംഗ് സ്പേസ് 'ഐ ബൈ ഇൻഫോപാർക്കി'ന്റെ ഉദ്ഘാടനവും മുഖ്യമന്ത്രി ഓൺലൈനായി നിർവഹിച്ചു. ഐ ബൈ ഇൻഫോപാർക്കിലെ ആദ്യ കമ്പനിയായ സോഹോ കോർപ്പറേഷന്റെ അനുമതിപത്രം സോഹോ യു എസ് എ സി.ഇ.ഒ ടോണി തോമസിന് മുഖ്യമന്ത്രി കൈമാറി.

ഐ.ടി വകുപ്പിന്റെ വിഷൻ 2031 ഡ്രാഫ്റ്റ് ഡോക്യുമെന്റ് മന്ത്രി പി.രാജീവിന് കൈമാറി മുഖ്യമന്ത്രി പ്രകാശനം ചെയ്തു. പൂർണ്ണമായി കേരളത്തിൽ രൂപകൽപ്പന ചെയ്ത ആദ്യ 5 ജി ചിപ്പ്, സിലീസിയം സർക്യൂട്ട് സി.ഇ.ഒ റിജിൽ ജോണിന്റെ സാന്നിധ്യത്തിൽ മുഖ്യമന്ത്രി പുറത്തിറക്കി.

കാക്കനാട് കിൻഫ്ര കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ പി വി ശ്രീനിജിൻ എം.എൽ.എ, കൊച്ചി മേയർ അഡ്വ. എം അനിൽ കുമാർ, ഐടി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവു, ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിൽ എന്നിവർ പങ്കെടുത്തു.

# കുസാറ്റിൽ സ്ഫിയർവേഴ്സ് ലാബ് തുറന്നു

**കൊച്ചി:** ശാസ്ത്ര സാങ്കേതിക വിജ്ഞാന പ്രദർശന രംഗത്ത് നൂതന ചുവടുവെപ്പുമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല. സർവകലാശാലയ്ക്ക് കീഴിലുള്ള സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റിയിൽ വികസിപ്പിച്ച സ്ഫിയർവേഴ്സ് എന്ന പുതിയ ശാസ്ത്രാവിഷ്കാരം പ്രവർത്തനം ആരംഭിച്ചു. കൂടാതെ വർചൽ റിയാലിറ്റിയിൽ ശാസ്ത്രത്തിന്റെ അത്ഭുതങ്ങൾ കാണുവാൻ വർചൽ ലാബും സജ്ജീകരിച്ചിട്ടുണ്ട്.



കുസാറ്റ് സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റിയിൽ നടന്ന പരിപാടി വ്യവസായനിയമകയർ വകുപ്പുമന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്തു. കുസാറ്റ് വൈസ് ചാൻസിലർ ഡോ. എം ജുനൈദ് ബുഷിരി അധ്യക്ഷനായി. സിസ് ഡയറക്ടർ ഡോ. പി. ഷൈജു, ഫെഡറൽ ബാങ്ക് സീനിയർ വൈസ് പ്രസിഡന്റും സോണൽ മേധാവിയുമായ സി. എം.ശശിധരൻ, ബിനു തോമസ്, ഡോ. കെ.എൻ.മധുസൂദനൻ, ഡോ. എം.കെ.ജയരാജ്, എന്നിവർ സംസാരിച്ചു.

ഭൂമിശാസ്ത്രം, ജ്യോതിശാസ്ത്രം എന്നിവയിൽ തുടങ്ങി അക്ഷാംശരേഖാംശങ്ങൾ, സങ്കീർണ്ണമായ കാലാവസ്ഥാ വ്യതിയാനങ്ങൾ, അന്തരീക്ഷഘടന, ഭൂമിയുടെ പാരിസ്ഥിതിക മാറ്റങ്ങൾ എന്നിങ്ങനെ നിരവധി വിഷയങ്ങൾ ഗോളാകൃതിയിലുള്ള പ്രൊജക്ഷനിലൂടെ ദൃശ്യവൽക്കരിക്കപ്പെടുന്നു. ഒരേസമയം കൗതുകവും വിജ്ഞാനവും ഉണർത്തുന്ന മനോഹരമായ ദൃശ്യാനുഭവമാണ് ഇത് വാഗ്ദാനം ചെയ്യുന്നത്.

ആഗോളതലത്തിൽ പ്രശസ്തമായ, യു.എസ്. ഏജൻസിയായ NOAA വികസിപ്പിച്ച സയൻസ് ഓൺ എ സ്ഫിയർ എന്ന സംവിധാനത്തോട് കിടപിടിക്കുന്നതാണ് കുസാറ്റിന്റെ ഈ സംരംഭം. ലോകമെമ്പാടുമുള്ള പ്രമുഖ ശാസ്ത്ര കേന്ദ്രങ്ങളിലും മ്യൂസിയങ്ങളിലും ഉപയോഗിക്കുന്ന ടീട, കാലാവസ്ഥാ ഡാറ്റകളും ഗ്രഹങ്ങളുടെ ചലനങ്ങളും ഒരു വലിയ ഗോളത്തിൽ പ്രദർശിപ്പിക്കുന്ന സംവിധാനമാണ്. ഇതേ ആശയം വിജയകരമായി വികസിപ്പിച്ചതിലൂടെ, ആഗോള നിലവാരത്തിലുള്ള ഒരു ശാസ്ത്ര പ്രദർശന സംവിധാനമാണ് കുസാറ്റിൽ ഒരുക്കിയിരിക്കുന്നത്. വിദ്യാർത്ഥികളിലും പൊതുജനങ്ങളിലും ശാസ്ത്രബോധവും ജിജ്ഞാസയും വളർത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

ഫെഡറൽ ബാങ്കിന്റെ സിഎസ്ആർ പദ്ധതിയിൽ നിന്നുള്ള സാമ്പത്തിക സഹായവും ക്യൂരിഫൈ സയൻസ് സെന്ററിന്റെ സാങ്കേതിക പിന്തുണയും പ്രയോജനപ്പെടുത്തിയാണ് സ്ഫിയർവേഴ്സ് വികസിപ്പിച്ചത്. സർവകലാശാലയുടെ നേട്ടങ്ങളുടെ പട്ടികയിൽ ഒരു പൊൻതൂവലായി ഈ ശാസ്ത്രാവിഷ്കാരം മാറിയിരിക്കുകയാണ്. സെന്ററിലെ ഏകദിന ശാസ്ത്രസമ്പർക്ക പരിപാടി, അവധിക്കാല ക്യാമ്പ് എന്നീ പരിപാടികളിൽ പങ്കെടുക്കുന്ന കുട്ടികൾക്കാണ് ഇത് കാണുവാനുള്ള അവസരം.

## സ്വതന്ത്ര വിദ്യാഭ്യാസ സോഫ്റ്റ്‌വെയർ ഭിന്നശേഷി കുട്ടികൾക്കായി കൈറ്റ് വിപുലീകരിക്കും

**തിരുവനന്തപുരം:** ലോകത്തിലെ ഏറ്റവും പ്രസിദ്ധമായ എഡ്യൂടെയിൻമെന്റ് സ്വതന്ത്ര വിദ്യാഭ്യാസ സോഫ്റ്റ്‌വെയർ ജികോംപ്രിസിന്റെ കോമെയിന്റനറും കൃത സോഫ്റ്റ്‌വെയറിന്റെ പ്രധാന ഡെവലപ്പറിൽ ഒരാളുമായ ഫ്രഞ്ച് ഗ്രാഫിക്സ് ആർട്ടിസ്റ്റ് ടിമോത്തെ ജിയറ്റ് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സന്ദർശിച്ചു. കൈറ്റിന്റെ നേതൃത്വത്തിൽ ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ കുട്ടികൾക്ക് തയ്യാറാക്കിയ കളിപ്പെട്ടി ഐസിടി പാഠപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന പ്രധാന സോഫ്റ്റ്‌വെയറാണ് ജികോംപ്രിസ്. ഇതിന് സമാനമായ രൂപത്തിൽ ഫ്രാൻസിലും ഇറ്റലിയിലും ഉപയോഗിക്കുന്ന സ്വതന്ത്ര സോഫ്റ്റ്‌വെയർ റെപ്പോസിറ്ററികൾ പരിചയപ്പെടുത്തിയ ടിമോത്തെ ജിയറ്റ് നിലവിൽ കേരളത്തിലെ സ്കൂളുകളിൽ നടക്കുന്ന സവിശേഷമായ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗം ആഗോള മാതൃകയാണെന്ന് അഭിപ്രായപ്പെട്ടു. ഇന്ത്യൻ ഭാഷകളിൽ സംസ്കൃതത്തിന് പുറമെ മലയാളത്തിൽ മാത്രമാണ് വിപുലമായ ജികോംപ്രിസ് റെപ്പോസിറ്ററി നിലവിൽ ലഭ്യമായിട്ടുള്ളത്. കൈറ്റ് കസ്റ്റമൈസ് ചെയ്ത തമിഴ്, കന്നഡ ലോക്കലൈസേഷൻ പാക്കേജുകൾ ജികോംപ്രിസിൽ അപ്സ്ട്രീം ചെയ്യാനായി ലഭ്യമാക്കുമെന്ന് കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്ത് അറിയിച്ചു.

ഇരുനൂറോളം ഗെയിമുകൾ അടങ്ങിയ ജികോംപ്രിസ് സോഫ്റ്റ്‌വെയർ 2 മുതൽ 10 വരെ വയസ് പ്രായമുള്ള കുട്ടികൾക്ക് അക്കം, അക്ഷരം, ശാസ്ത്രം, ഭുമിശാസ്ത്രം, വായന തുടങ്ങിയ വിവിധ ശേഷികൾ കളികളിലൂടെ നേടാൻ പര്യാപ്തമാണ്. സ്വതന്ത്ര സോഫ്റ്റ്‌വെയർ ലൈസൻസിൽ ലഭ്യമായതിനാൽ ഇവ യഥേഷ്ഠം കേരളത്തിന്റെ പാഠ്യപദ്ധതിക്കനുസൃതമായി കസ്റ്റമൈസ് ചെയ്താണ് കൈറ്റിന്റെ ഓപ്പറേറ്റിംഗ് സിസ്റ്റം സ്യൂട്ടിലും ഐസിടി പാഠപുസ്തകങ്ങളിലും ഉപയോഗിച്ചിട്ടുള്ളത്.

ഫ്രാൻസിലെ സ്വതന്ത്ര സോഫ്റ്റ്‌വെയർ കൺസൾട്ടന്റും എംബഡഡ് സിസ്റ്റം എഞ്ചിനിയറുമായ കണ്ണൂർ സ്വദേശി ഐശ്വര്യയാണ് ടിമോത്തെയുടെ ജീവിത പങ്കാളി. ഐടി@സ്കൂൾ പദ്ധതി വഴി ആർജിച്ച സ്വതന്ത്ര സോഫ്റ്റ്‌വെയർ അനുഭവം മികച്ച കരിയറിന് വഴികാട്ടിയായെന്ന് ഐശ്വര്യ പറഞ്ഞു.

ജികോംപ്രസിന്റെ ക്ലയന്റ് സർവർ മാതൃകയിൽ ഇന്റർനെറ്റാവശ്യമില്ലാതെ പ്രവർത്തിക്കുന്ന പുതിയ പതിപ്പിന്റെ സാധ്യതകൾ ഭിന്നശേഷി കുട്ടികൾക്ക് പ്രയോഗിക്കുന്നതിനായി കസ്റ്റമൈസ് ചെയ്യാൻ കൈറ്റ് മുൻകയ്യെടുക്കും എന്ന തീരുമാനമെടുത്തുകൊണ്ടാണ് ടിമോത്തെയുടെ സന്ദർശനം പൂർത്തിയാക്കിയത്.

## തദ്ദേശ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾക്ക് സഹകരണ ബാങ്കുകൾ വായ്പ നൽകും: മന്ത്രി വി. എൻ. വാസവൻ

**തിരുവനന്തപുരം:** തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രായോഗികവും ക്രിയാത്മകവുമായ വികസന പദ്ധതികൾക്ക് മിച്ചഫണ്ടുള്ള സഹകരണ സംഘങ്ങൾ വഴി വായ്പകൾ നൽകുന്ന പദ്ധതി നടപ്പാക്കുമെന്ന് സഹകരണംതുറമുഖം ദേവസ്വം വകുപ്പ് മന്ത്രി വി. എൻ. വാസവൻ പറഞ്ഞു.

സഹകരണ മേഖലയിലെ ഭാവി വികസനം ചർച്ച ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ സംഘടിപ്പിച്ച വിഷൻ 2031 ഏകദിന സെമിനാർ ഏറ്റുമാനൂർ ഗ്രാൻഡ് അരീന കൺവെൻഷൻ സെൻററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സഹകരണ ബാങ്കുകളും യോജിച്ച് പ്രവർത്തിച്ചാൽ വികസന രംഗത്ത് വലിയ മുന്നേറ്റം സൃഷ്ടിക്കാനാകും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അംഗത്വം നൽകി വായ്പകൾ ലഭ്യമാക്കണം. തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടുകൾ സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ച് പരസ്പര സഹകരണത്തിലൂടെ നാടിന്റെ വളർച്ച ഉറപ്പാക്കാനാകും.

ഇക്കാര്യത്തിൽ സഹകരണ വകുപ്പിന്റെ നടപടികൾ പൂർത്തിയായി. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുമായി ഉടൻ ചർച്ച നടത്തും. ആവശ്യമായ നിയമ ഭേദഗതികളും കൊണ്ടുവരുമെന്നും മന്ത്രി പറഞ്ഞു.

പ്രാഥമിക സഹകരണസംഘങ്ങളിലും ശാഖകളിലും ഇടപാടുകൾക്ക് ഏകീകൃത സോഫ്റ്റ്വേർ കൊണ്ടുവരുന്നതിനുള്ള നടപടികൾ ഒരു മാസത്തിനകം പൂർത്തീകരിക്കുമെന്നും മന്ത്രി അറിയിച്ചു. കഴിഞ്ഞ പത്തു വർഷം സഹകരണ വകുപ്പ് കൈവരിച്ച നേട്ടങ്ങൾ സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വീണ എൻ. മാധവൻ അവതരിപ്പിച്ചു.

എം.എൽ.എമാരായ സി. കെ. ആശ, സെബാസ്റ്റ്യൻ കുളത്തുങ്കൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഹേമലത പ്രേംസാഗർ, സഹകരണ സംഘം രജിസ്ട്രാർ ഡോ. ഡി. സജിത്ത്ബാബു, സംസ്ഥാന സഹകരണ ബാങ്ക് ചെയർമാൻ ഗോപി കോട്ടമുറിക്കൽ, കൺസ്യൂമർ ഫെഡ് ചെയർമാൻ പി. എം. ഇസ്മയിൽ, കൺസ്യൂമർ ഫെഡ് മുൻ ചെയർമാൻ ഗംഗാധരക്കുറുപ്പ്, കേരളാ ബാങ്ക് ഡയറക്ടർ ബോർഡ് അംഗം ബി. പി. പിള്ള, സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ കോലിയക്കോട് കൃഷ്ണൻ നായർ, സ്വാഗതസംഘം ജനറൽ കൺവീനർ കെ. എം. രാധാകൃഷ്ണൻ, സഹകരണ ഓഡിറ്റ് ഡയറക്ടർ എം. എസ്. ഷെറിൻ, ജോയിൻറ് രജിസ്ട്രാർ പി പി സലിം എന്നിവർ സംസാരിച്ചു.

# എകെജിഎസ്എംഎ രാജ്യാന്തര ജ്വല്ലറി ഫെയർ ഒക്ടോബർ 31 മുതൽ നടക്കും



**കൊച്ചി:** ഓൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ (എകെജിഎസ്എംഎ) സംഘടിപ്പിക്കുന്ന കേരള ഇന്റർനാഷണൽ ജ്വല്ലറി ഫെയർ ഒക്ടോബർ 31, നവംബർ 1, 2, തിയതികളിലായി അങ്കമാലി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കുമെന്ന് ഓൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ജസ്റ്റിൻ പാലത്ര, ജനറൽ സെക്രട്ടറി കെ.എം ജലീൽ, വർക്കിങ് പ്രസിഡന്റ് റോയ് പാലത്ര, വർക്കിങ് ജനറൽ സെക്രട്ടറി മൊയ്തു വരമംഗലത്ത്, വർക്കിങ് സെക്രട്ടറി ജോയ് പഴയമഠം, സെക്രട്ടറി ഹാഷിം കോന്നി എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു. 31ന് രാവിലെ 9.30ന് സംഘടനയുടെ സംസ്ഥാന ചെയർമാൻ ഡോ.ബി.ഗോവിന്ദൻ പതാക ഉയർത്തും 10.30ന് രാജ്യാന്തര ഫെയർ ബെന്നി ബഹനാൻ എം.പി ഉദ്ഘാടനം ചെയ്യും സംസ്ഥാന ചെയർമാൻ ബി.ഗോവിന്ദൻ അധ്യക്ഷത വഹിക്കും. എം.എൽ.എമാരായ റോജി. എം. ജോൺ, കെ.ജെ. മാക്സി, വ്യാപാരി വ്യവസായി ഏകോപനസമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര, ജി.ജെ.സി ചെയർമാൻ രാജേഷ് റോക്കോഡെ, വൈസ് ചെയർമാൻ അവിനാഷ് ഗുപ്ത എന്നിവർ പങ്കെടുക്കും. നവംബർ രണ്ടിന് നടക്കുന്ന സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് വി. ഡി സതീശൻ ഉദ്ഘാടനം ചെയ്യും. ഇറ്റലി, തുർക്കി, സിംഗപ്പൂർ, ദുബൈ, ചൈന തുടങ്ങി വിദേശ നിർമ്മിതമായ ആഭരണ സ്റ്റാളുകളും, ജയ്പൂർ ട്രഡീഷണൽ, രാജ്കോട്ട്, കൊൽക്കത്ത തുടങ്ങി ഇന്ത്യയിലെ പ്രമുഖ നിർമാതാക്കളും. ആഭരണമൊത്ത വ്യാപാരികളും ജ്വല്ലറി ഫെയറിൽ പങ്കെടുക്കുമെന്നും അസോസിയേഷൻ ഭാരവാഹികൾ വ്യക്തമാക്കി. 150ലേറെ സ്റ്റാളുകൾ ഇതിനകം ബുക്ക് ചെയ്ത് കഴിഞ്ഞു. ഇപ്പോൾ വിപണിയിൽ ട്രൻഡായിട്ടുള്ള ലൈറ്റ് വെയിറ്റ് ആഭരണങ്ങൾ, 18 കാരറ്റ്, 14 കാരറ്റ് ആഭരണങ്ങൾക്ക് പുറമെ രത്നാഭരണങ്ങളും, പ്ലാറ്റിനം, വൈറ്റ്, റോസ് ഗോൾഡ്, വെള്ളി ആഭരണങ്ങളും പ്രദർശനത്തിനുണ്ടാവും. ചെറുകിട വ്യാപാരികൾക്ക് ഇത്തരം ആഭരണ പ്രദർശനം ഭാവി വ്യാപാരത്തിന് മുതൽകൂട്ടാവുമെന്നും ഭാരവാഹികൾ വ്യക്തമാക്കി.

# സൂപ്പർ കപ്പ്: രാജസ്ഥാൻ യുണൈറ്റഡിനെ നേരിടാൻ കേരള ബ്ലാസ്റ്റേഴ്സ് സജ്ജം

**ഗോവ:** കേരള ബ്ലാസ്റ്റേഴ്സ് ഫുട്ബോൾ ക്ലബ്ബ് തങ്ങളുടെ സൂപ്പർ കപ്പ് 2025 പോരാട്ടങ്ങൾക്ക് ഇന്ന് തുടക്കം കുറിക്കും. ഗ്രൂപ്പ് ഡിയിലെ ആദ്യ മത്സരത്തിൽ രാജസ്ഥാൻ യുണൈറ്റഡ് എഫ്സിയാണ് എതിരാളികൾ. ബാംബോളിമിലെ ജി.എം.സി. അത്‌ലറ്റിക് സ്റ്റേഡിയത്തിൽ വെച്ച് വൈകുന്നേരം 4:30 നാണ് മത്സരം. ഇരു ടീമുകളും ആദ്യമായാണ് നേർക്കുനേർ വരുന്നത്, ടൂർണമെന്റിൽ വിജയകരമായ തുടക്കം തേടുന്ന ഇരു ടീമുകൾക്കും ഈ മത്സരം നിർണ്ണായകമാണ്.



പുതിയ വിദേശ സൈനിംഗുകളും ഇന്ത്യൻ യുവതാരങ്ങളും ഉൾപ്പെട്ട പരിഷ്കരിച്ച സ്ക്വാഡുമായാണ് ബ്ലാസ്റ്റേഴ്സ് ഗോവയിൽ എത്തിയിരിക്കുന്നത്. മുഖ്യ പരിശീലകൻ ഡേവിഡ് കാറ്റലയുടെ നേതൃത്വത്തിൽ, ആത്മവിശ്വാസത്തോടെ മൂന്ന് പോയിന്റ് നേടാനാണ് ടീം ലക്ഷ്യമിടുന്നത്. ടീം സജ്ജമാണെന്നും കളിക്കാർ നന്നായി തയ്യാറെടുത്തു കൊണ്ടിരിക്കുന്നുവെന്നും പരിശീലകൻ ഡേവിഡ് കാറ്റല പറഞ്ഞു. ആദ്യ മത്സരങ്ങൾ എളുപ്പമാകില്ല. രാജസ്ഥാൻ യുണൈറ്റഡ് പ്രതിരോധത്തിൽ കെട്ടുറപ്പുള്ളവരാണ്, അത് ശ്രദ്ധിക്കണം. ഞങ്ങളുടെ പ്രകടനം നൂറ് ശതമാനമായാൽ വിജയം നേടാൻ കഴിയുമെന്നാണ് പ്രതീക്ഷയെന്നും അദ്ദേഹം പറഞ്ഞു. ടൂർണമെന്റിൽ തുടക്കത്തിൽത്തന്നെ മൂന്ന് പോയിന്റുകൾ നേടുക എന്നതാണ് ലക്ഷ്യമെന്ന് നായകൻ അഡ്രിയാൻ ലൂണ പറഞ്ഞു. കളിക്കളത്തിലെ സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ട് ആക്രമണ ഫുട്ബോൾ കളിക്കാനാണ് ശ്രമം. ടീമിലുള്ള വിശ്വാസവും വിജയിക്കാനുള്ള മനോഭാവവും പ്രധാനമാണെന്നും ലൂണ കൂട്ടിച്ചേർത്തു. ഗ്രൂപ്പ് ഡിയിൽ എസ്.സി ഡൽഹി, മുംബൈ സിറ്റി എഫ്സി എന്നിവരാണ് ബ്ലാസ്റ്റേഴ്സിന്റെ മറ്റ് എതിരാളികൾ. പുതിയ ലക്ഷ്യങ്ങളോടും ശക്തമായ പോരാട്ടവീര്യത്തോടും കൂടി കളത്തിലിറങ്ങുന്ന കേരള ബ്ലാസ്റ്റേഴ്സ്, സൂപ്പർ കപ്പ് മത്സരങ്ങൾക്ക് ഗോവയിൽ മികച്ച തുടക്കം കഴിയുമെന്ന പ്രതീക്ഷയിലാണ്.

# ഫാർമസ്യൂട്ടിക്കൽ ഗവേഷണം: അമൃതയിൽ ദേശീയ കോൺഫറൻസ് സംഘടിപ്പിച്ചു

**കൊച്ചി:** ഐപിഎ കേരള സ്റ്റേറ്റ് ബ്രാഞ്ചിന്റെ ഡ്രഗ് ഡിസൈൻ ആൻഡ് ഡിസ്കവറി ഡിസ്കഷൻ ഗ്രൂപ്പിന്റെ സഹകരണത്തോടെയാണ് അമൃത സ്കൂൾ ഓഫ് ഫാർമസി നാഷണൽ കോൺഫറൻസ് ഓൺ ഡിസൈൻ ആൻഡ് ഡിസ്കവറി സംഘടിപ്പിച്ചത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രമുഖരും ഗവേഷക മേഖലയിലെ വിദഗ്ധരും വിദ്യാർത്ഥികളും സമ്മേളനത്തിൽ പങ്കെടുത്തു.




ഫാർമസ്യൂട്ടിക്കൽ ഗവേഷണ മേഖലയിൽ രൂപംകൊണ്ട പുതിയ പ്രവണതകളെ കുറിച്ചുള്ള ചർച്ചകൾക്ക് സമ്മേളനം വേദിയായി. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ഡിജിറ്റൽ സയൻസസ് റിസർച്ച് വിഭാഗം ഡീൻ ഡോ. ടി. കെ മനോജ് കുമാർ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഐപിഎ കേരള സ്റ്റേറ്റ് ബ്രാഞ്ച് പ്രസിഡന്റ് ഡോ. പി. ജയശേഖർ ചടങ്ങിൽ സംസാരിച്ചു. അമൃത സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. എം. സബിത യുവ ഗവേഷകരിൽ ശാസ്ത്രീയ കൗതുകം ഉണർത്താൻ സമ്മേളനത്തിന് സാധിച്ചു എന്ന് ചൂണ്ടിക്കാട്ടി.

ഗവേഷകരംഗത്തെ അധ്യാപകരും വിദ്യാർത്ഥികളും ഉൾപ്പെടെ രാജ്യത്തിന്റെ വിവിധ കോണുകളിൽ നിന്നുള്ള 210 പേർ സമ്മേളനത്തിൽ ഭാഗമായി. ദേശീയ സമ്മേളനത്തിന്റെ ഭാഗമായി പോസ്റ്റർ നിർമാണ മത്സരവും സംഘടിപ്പിച്ചിരുന്നു.



# പോപ്പീസ് ബേബി കെയർ ബ്രാൻഡ് സ്റ്റോർ കോതമംഗലത്ത് തുറന്നു

**കൊച്ചി:** പ്രമുഖ ഇന്ത്യൻ ബേബിവെയർ ബ്രാൻഡുകളിലൊന്നായ പോപ്പീസ് ബേബി കെയർ കോതമംഗലത്ത് സ്റ്റോർ തുറന്നു. ചടങ്ങിൽ ഡോ. മുഹമ്മദ് ഹസ്സൻ (എംബിഎംഎം ഹോസ്പിറ്റൽ), ഡിനി എൽദോ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. ഉപഭോക്തൃതാൽപ്പര്യം കണക്കിലെടുത്ത് കേരളത്തിൽ സാന്നിധ്യം വിപുലീകരിക്കുന്നതിൽ സന്തോഷമുണ്ടെന്ന് പോപ്പീസ് ബേബി കെയർ ചെയർമാനും എം.ഡിയുമായ ഷാജു തോമസ് പറഞ്ഞു. പുതിയ ഔട്ട്‌ലെറ്റിൽ നവജാതശിശുക്കൾക്കും പിഞ്ചുകുഞ്ഞുങ്ങൾക്കും സ്റ്റൈലിഷ്, ചർമ്മസൗഹൃദ വസ്ത്രങ്ങളും ആക്സസറികളും ലഭ്യമാണ്. സുഖസൗകര്യങ്ങൾ, ഗുണനിലവാരം, സുരക്ഷ എന്നിവ മനസ്സിൽ വെച്ചുകൊണ്ട് രൂപകൽപ്പന ചെയ്ത ബേബി വസ്ത്രങ്ങളുടെയും അവശ്യവസ്തുക്കളുടെയും വിപുലമായ ശ്രേണി കോതമംഗലം ഔട്ട്‌ലെറ്റ് വാഗ്ദാനം ചെയ്യുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

# ഡിജിറ്റലായി സ്വർണത്തിൽ നിക്ഷേപിക്കാൻ സോ ഗോൾഡ് അവതരിപ്പിച്ച് വിൻസോ

**ന്യൂഡൽഹി:** സ്വർണ്ണ വില 10 ഗ്രാമിന് 1,30,000 രൂപ എന്ന എക്കാലത്തെയും ഉയർന്ന നിരക്കിലെത്തിയ പശ്ചാത്തലത്തിൽ, 250 ദശലക്ഷത്തിലധികം ഉപയോക്താക്കളുള്ള ഇന്ററാക്ടീവ് എന്റർടൈൻമെന്റ് പ്ലാറ്റ്ഫോമായ വിൻസോ, ഇന്ത്യയിലെ ഡിജിറ്റൽ ഉപയോക്താക്കൾക്ക് സ്വർണ്ണത്തിൽ നിക്ഷേപിക്കാൻ അനുവദിക്കുന്ന ഒരു വിപ്ലവകരമായ ചുവടുവയ്പ്പായ സോ ഗോൾഡ് ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു. രണ്ടു രൂപ മുതൽ സ്വർണത്തിൽ നിക്ഷേപിച്ചുകൊണ്ട് തുടക്കം കുറിക്കാമെന്നതാണ് ഈ സംരംഭത്തിന്റെ പ്രത്യേകത.




സേഫ്ഗോൾഡുമായുള്ള പങ്കാളിത്തത്തോടെയാണ് ഈ സംരംഭം അവതരിപ്പിക്കുന്നത്. നഗരങ്ങളിലുടനീളമുള്ള യുവ പ്രൊഫഷണലുകൾക്കും ആദ്യമായി നിക്ഷേപം നടത്തുന്നവർക്കും സമ്പത്ത് സൃഷ്ടിക്കൽ ലളിതവും പ്രാപ്യവുമാക്കുക എന്നതാണ് ലക്ഷ്യം.

സോ ഗോൾഡിലൂടെ, ഉപയോക്താക്കൾക്ക് തൽക്ഷണം സ്വർണ്ണം ഡിജിറ്റലായി വാങ്ങാനും സംരക്ഷിക്കാനും ട്രാക്ക് ചെയ്യാനും കഴിയും. സൂക്ഷ്മ അളവിൽ ആരംഭിച്ച് ആവർത്തിച്ചുള്ള സംഭാവനകൾ (എസ്ഐപികൾ) പോലും സജ്ജമാക്കാനും കഴിയും.

സുരക്ഷിതമായ സ്വർണം സ്വന്തമാക്കാൻ എല്ലാവർക്കും അവസരം നൽകുന്ന സുതാര്യമായ രീതിയാണ് തങ്ങളുടെ ലക്ഷ്യമെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ സെയ്ഫ് ഗോൾഡ് സഹസ്ഥാപകയും സിഒഒയുമായ റിയ ചാറ്റർജി കൂട്ടിച്ചേർത്തു. വിപുലമായ വിതരണത്തിനും വലിയ തോതിലെ ഉപഭോക്താക്കളിലേക്ക് എത്തിച്ചേരലിനും അവസരം ഒരുക്കുന്നതാണ് വിൻസോയുടെ സംവിധാനം. വിൻസോയുമായി സഹകരിക്കുന്നതിലൂടെ ദശലക്ഷക്കണക്കിന് യുവ ഇന്ത്യക്കാർക്ക് ആദ്യമായി സമ്പാദിക്കാനും സ്വർണത്തിൽ സുരക്ഷിതമായി നിക്ഷേപിക്കാനും തങ്ങൾ അവസരമൊരുക്കുകയാണ്. ഇതിനകം തന്നെ അവർക്കറിയാവുന്ന ഒരു സംവിധാനത്തിലൂടെ ലളിതമായാണതു സാധിക്കുന്നത്.

# കരൂർ വൈശ്യ ബാങ്കിന് 15.92 ശതമാനം വളർച്ച

**കൊച്ചി:** കരൂർ വൈശ്യ ബാങ്ക് 2025 സെപ്റ്റംബർ 30ന് അവസാനിച്ച സാമ്പത്തിക പാദത്തിൽ 15.92 ശതമാനം വളർച്ച കൈവരിച്ചു.

കഴിഞ്ഞവർഷം ഇതേ കാലയളവിലെ 1,12,236 കോടി രൂപയുടെ ബാലൻസ് ഷീറ്റ് ഈ വർഷം 1,30,099 കോടി രൂപയായി ഉയർന്നു. 15.3 ശതമാനം വളർച്ചയോടെ 2025 സെപ്റ്റംബർ 30ന് മൊത്തം ബിസിനസ് 27,078 കോടി രൂപ വർധിച്ച് 20,3216 കോടിയിലെത്തി. കഴിഞ്ഞവർഷം ഇതേ കാലയളവിൽ ഇത് 1,76,138 കോടി രൂപയായിരുന്നു. മൊത്തം വായ്പ 15.47 ശതമാനം വളർച്ചയോടെ 92,724 കോടി രൂപയായി. ഈ വിഭാഗത്തിൽ 12,425 കോടി രൂപയുടെ വർധനയാണുണ്ടായത്.

നിർദിഷ്ട കാലയളവിൽ അർധവാർഷിക അറ്റാദായം മുൻവർഷത്തെ 932 കോടി രൂപയിൽനിന്ന് 1,095 കോടി രൂപയായി. 17.49 ശതമാനത്തിന്റെ വളർച്ചയാണ് ഈ വിഭാഗത്തിൽ രേഖപ്പെടുത്തിയത്. പിപിഒപി മുൻവർഷത്തെ 1562 കോടി രൂപയിൽനിന്ന് 16.71 ശതമാനം വളർച്ചയോടെ 1,823 കോടി രൂപയായി ഉയർന്നു. എൻഐഐയിൽ കഴിഞ്ഞ വർഷത്തെ 2,089 കോടി രൂപയിൽനിന്ന് 2,202 കോടി രൂപയായി വർധിച്ചു.



# രാജ്യാന്തര കുരുമുളക് സമൂഹം വാർഷിക സമ്മേളനം കൊച്ചിയിൽ നടന്നു

**കൊച്ചി:** ഇന്റർനാഷണൽ പെപ്പർ കമ്മ്യൂണിറ്റിയുടെ 53മത് വാർഷിക സമ്മേളനം സ്പൈസസ് ബോർഡ് ചെയർപേഴ്സൺ അഡ്വ. സംഗീത വിശ്വനാഥൻ ഉദ്ഘാടനം ചെയ്തു.

ആഗോള കുരുമുളക് സമ്പദ്വ്യവസ്ഥയുടെ വളർച്ചക്കായി ഉൽപാദന രാജ്യങ്ങൾക്കിടയിൽ സഹകരണം, സുസ്ഥിരത, നവീകരണം എന്നിവ ഉറപ്പാക്കണമെന്ന് അഡ്വ. സംഗീത വിശ്വനാഥൻ പറഞ്ഞു. ആഗോള സുഗന്ധവ്യഞ്ജന വ്യാപാരം രൂപപ്പെടുത്തുന്നതിലും കുരുമുളക് മേഖലയിലെ സമഗ്ര വളർച്ചയെ നയിക്കുന്നതിലും ഇന്ത്യയ്ക്ക്  നിർണ്ണായക പങ്കാണുള്ളതെന്നും അഡ്വ. സംഗീത വിശ്വനാഥൻ വ്യക്തമാക്കി. സുഗന്ധവ്യഞ്ജന മൂല്യ ശൃംഖലയിലുടനീളം ഗുണനിലവാരം, ട്രേയ്സബിലിറ്റി, മൂല്യവർദ്ധനവ് എന്നിവ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള സ്പൈസസ് ബോർഡിന്റെ പ്രതിബദ്ധതയും അവർ ചൂണ്ടിക്കാട്ടി. കുരുമുളക് വ്യാപാരത്തിന്റെ ഭാവി രൂപപ്പെടുത്താനും ആഗോള പങ്കാളിത്തം ശക്തിപ്പെടുത്താനും രാജ്യാന്തര സമൂഹത്തെ വാർത്തെടുക്കുന്നതിനുള്ള വേദിയാണ് സമ്മേളനമെന്ന് ഇന്റർനാഷണൽ പെപ്പർ കമ്മ്യൂണിറ്റിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ മറീന എൻ അംഗ്രയ്നി അഭിപ്രായപ്പെട്ടു . കേന്ദ്ര വാണിജ്യമന്ത്രാലയവും സ്പൈസസ് ബോർഡും ഇന്റർനാഷണൽ പെപ്പർ കമ്മ്യൂണിറ്റിയും ചേർന്നാണ് സമ്മേളനം സംഘടിപ്പിച്ചത്. നവീകരണം, തുല്യത, പ്രാദേശിക പ്രതിരോധശേഷി എന്നിവ ഉറപ്പുവരുത്തി കുരുമുളക് വ്യവസായത്തെ ശക്തിപ്പെടുത്തുകയാണ് ഇത്തവണത്തെ സമ്മേളനത്തിന്റെ വിഷയം. ഐപിസിയിലെ അംഗരാജ്യങ്ങൾക്കിടയിൽ വ്യാപാര ശൃംഖല ശക്തിപ്പെടുത്തുക, സുസ്ഥിര കൃഷിരീതികളും പ്രതിരോധശേഷി കൂടിയ  കുരുമുളക് ഇനങ്ങളുടെ കൃഷിയും പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ സമ്മേളനത്തിൽ ചർച്ച ചെയ്തു. തുടർന്ന് നടന്ന ബിസിനസ് സെഷനിൽ ഗ്രിഫിത്ത് ഫുഡ്സിന്റെ ഉപസ്ഥാപനമായ ടെറോവയുടെ വൈസ് പ്രസിഡന്റ് ഗിരിധർ റാവു, സിന്തൈറ്റ് ഇൻഡസ്ട്രീസ് എക്സിക്യൂട്ടീവ് ചെയർമാൻ ഡോ. വിജു ജേക്കബ്, അമേരിക്കൻ സ്പൈസ് ട്രേഡ് അസോസിയേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ലോറ ഷുമോവ്, സ്കോർപിയോൺ പ്രതിനിധി അന്ന സ്ട്രെൽസ്, എവിടി മക്കോർമിക്ക് ഇൻഗ്രീഡിയന്റ്സ് എംഡി സുഷമ ശ്രീകണ്ഠത്ത്, ഐപിസി കൺസൽട്ടന്റ് ജസ്വീന്ദർ സിംഗ് സേഥി എന്നിവർ പങ്കെടുത്തു. സമ്മേളനത്തിൽ ഐസിഎആർ മുൻ ഗവേഷകൻ ഡോ. സന്തോഷ് ജെ. ഈപ്പൻ, കോളേജ് ഓഫ് മൈക്രോനേഷ്യയിലെ റിസർച്ച് സയന്റിസ്റ്റ് ഡോ. മുരുകേശൻ കൃഷ്ണപിള്ള, ഇന്റർനാഷണൽ ബ്ലാക്ക് പെപ്പർ ക്രോപ് അഡ്വൈസർ ഡോ. സുനിൽ ടാംഗലെ, മാനെ കാൻകോർ ഇൻഗ്രീഡിയന്റ്സ് ഗവേഷണ വികസന മേധാവി പ്രശോഭ് എസ് പ്രസാദ്, യെസ് ബാങ്ക് പ്രതിനിധി പ്രദീപ് ശ്രീവാസ്തവ, കേരള കാർഷിക സർവകലാശാല മുൻ ഡീൻ ഡോ. എൻ മിനി രാജ് എന്നിവർ പ്രസംഗിച്ചു. ഇന്ത്യ, ഇന്തൊനീഷ്യ, മലേഷ്യ, ശ്രീലങ്ക, വിയറ്റ്നാം എന്നീ രാജ്യങ്ങളിലെ മികച്ച കുരുമുളക് കർഷകർക്കും മൂല്യവർദ്ധിത കുരുമുളക് ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്കാർക്കും കുരുമുളകിൽ നിന്നും നൂതന ഉൽപ്പന്നങ്ങള് വികസിപ്പിക്കുന്ന വ്യാപാരികൾക്കും നൽകുന്ന 'ഐപിസി ബെസ്റ്റ് അവാർഡ് 2024' പുരസ്കാര സമർപ്പണവും സമ്മേളനത്തിൽ നടന്നു.

# ഐ ബൈ ഇൻഫോപാർക്ക് തുറന്നു

**കൊച്ചി:** സംസ്ഥാനത്തെ ഐടി രംഗത്ത് പുതിയ അധ്യായം കുറിച്ചുകൊണ്ട്, ഇൻഫോപാർക്കിന്റെ പ്രീമിയം കോവർക്കിങ് സ്പേസായ 'ഐ ബൈ ഇൻഫോപാർക്ക്' മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ സംസ്ഥാന ഇലക്ട്രോണിക് ഐടി വകുപ്പ് സംഘടിപ്പിച്ച  റീ കോഡ് സെമിനാർ വേദിയിലായിരുന്നു ഉദ്ഘാടനം. എറണാകുളം സൗത്ത് മെട്രോ സ്റ്റേഷൻ കെട്ടിടത്തിലാണ് ഐ ബൈ ഇൻഫോപാർക്ക് പ്രവർത്തനമാരംഭിച്ചത്. സെമിനാർ വേദിയിൽ നിന്ന് വെർച്വലായാണ് മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിച്ചത്. ഉദ്ഘാടന ചടങ്ങിൽ വച്ച് ഐ ബൈ ഇൻഫോപാർക്കിൽ പ്രവർത്തനം തുടങ്ങുന്ന ആദ്യ കമ്പനിയായ സോഹോ കോർപ്പറേഷൻ സഹസ്ഥാപകൻ ടോണി തോമസിന് മുഖ്യമന്ത്രി അനുമതിപത്രം കൈമാറി. 48,000 ചതുരശ്രയടിയിൽ പ്രവർത്തിക്കുന്ന ഈ പദ്ധതി വഴി 550 ൽപരം തൊഴിലവസരം സൃഷ്ടിക്കാനാകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഉദ്ഘാടന ചടങ്ങിൽ മന്ത്രി പി. രാജീവ് അധ്യക്ഷനായിരുന്നു. പി. വി ശ്രീനിജൻ എം.എൽ.എ, മേയർ എം. അനിൽകുമാർ എന്നിവർ സംബന്ധിച്ചു. ഐ.ടി വകുപ്പിന്റെ പത്ത് വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ഐ.ടി സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവറാവു അവതരണം നടത്തി. മൂന്നാം നില മുതൽ ഒൻപതാം നില വരെയായി ഏഴ് നിലകളിലായാണ് ഐ ബൈ ഇൻഫോപാർക്ക് പ്രവർത്തിക്കുന്നത്. 48,000 ചതുരശ്ര അടിയിൽപരം വിസ്തീർണ്ണമുള്ള ഇവിടെ 580ൽ അധികം വർക്ക്സ്റ്റേഷനുകൾ സജ്ജമാക്കിയിട്ടുണ്ട്. ഏഴ് നിലകളിലായി വ്യാപിച്ചു കിടക്കുന്ന ഈ വർക്ക്സ്പേസിൽ ഓരോ നിലയ്ക്കും 6,530 ചതുരശ്ര അടി വിസ്തീർണ്ണമാണുള്ളത്. പ്ലഗ് ആൻഡ് പ്ലേ ഫർണിഷ്ഡ് ഓഫീസുകൾ, വർക്ക് സ്റ്റേഷനുകൾ, ഇവന്റ് സ്പേസുകൾ, ട്രെയിനിംഗ് റൂം, മീറ്റിംഗ് റൂം, കോൺഫറൻസ് റൂം, ലോഞ്ച്, സഹകരണ ചർച്ചകൾക്കുള്ള കൊളാബ് ഏരിയ, ഫോൺ ബൂത്ത്, പാൻട്രി എന്നിവ ഐ ബൈ ഇൻഫോപാർക്കിലുണ്ട്.




സൗത്ത് മെട്രോ സ്റ്റേഷനിൽ നിന്ന് ഐ ബൈ ഇൻഫോഴ്പാർക്കിലേക്ക് നേരിട്ടുള്ള പ്രവേശനം ആണ് ഏർപ്പെടുത്തിയിട്ടുള്ളത്. എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷൻ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ്, എന്നിവയുടെയെല്ലാം തൊട്ടടുത്താണ് ഇത് സ്ഥിതി ചെയ്യുന്നത്. ഫ്രീലാൻസ്, ഗിഗ് വർക്ക്സ്, ബഹുരാഷ്ട്ര കമ്പനികൾ, ഐടി/ഐടി അനുബന്ധ സ്ഥാപനങ്ങൾ, ഗ്ലോബൽ കാപ്പബിലിറ്റി സെന്ററുകൾ തുടങ്ങിയവയ്ക്ക് പറ്റിയ സ്ഥലമാണിത്. കൊച്ചിയിൽ പ്രീമിയം വർക്ക്സ്പേസ് തേടുന്ന ബിസിനസ്സുകൾക്ക് 'ഐ ബൈ ഇൻഫോപാർക്ക്'  പ്രധാന ആകർഷണമായി മാറും. സമാനമായ കേന്ദ്രങ്ങൾ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കാനും ഐടി വകുപ്പിന് പദ്ധതിയുണ്ട്.

## ഐഡിബിഐ ബാങ്കിന്റെ ലാഭം 3,627 കോടിയായി ഉയർന്നു

**കൊച്ചി:** ഐഡിബിഐ ബാങ്ക്  2026 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിനായുള്ള ഫലങ്ങൾ പ്രഖ്യാപിച്ചു. ലാഭം 3,627 കോടി ആയി ഉയര, കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 98% വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഓപ്പറേറ്റിംഗ് ലാഭം 3,523 കോടി ആയി. മൊത്ത പലിശ മാർജിൻ  3.71% ആയി രേഖപ്പെടുത്തി, മൊത്ത പലിശ വരുമാനം 3,285 കോടി ആയി. നിക്ഷേപ ചെലവ് 22025ൽ 4.65% ആയിരുന്നത് 22026ൽ 4.69% ആയി ഉയർന്നു.

## ഹരിത സമൃദ്ധി  ഹോപ്പ് ഇൻ മോഷൻ ഡോക്യു സീരിസിൽ

**കൊച്ചി:** ഹൈനെകെൻ കമ്പനിയുടെ ഭാഗമായ യുണൈറ്റഡ് ബ്രൂവറീസ് (യുബിഎൽ), പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ സിഎസ്ആർ പദ്ധതിയായ ഹരിത സമൃദ്ധി, ജിയോ ഹോട്ട്സ്റ്റാറിൽ സ്ട്രീം ചെയ്യുന്ന ഹോപ്പ് ഇൻ മോഷൻ എന്ന പുതിയ ഡോക്യുസീരിസിൽ ഇടം നേടി. 2019ൽ പുതുശ്ശേരി ഗ്രാമപഞ്ചായത്ത് പീപ്പിൾസ് സർവീസ് സൊസൈറ്റിയുമായി സഹകരിച്ച് ആരംഭിച്ച ഹരിത സമൃദ്ധി, സാമൂഹിക പങ്കാളിത്തത്തോടെ ജലവും മണ്ണും സംരക്ഷിക്കുന്ന ദീർഘകാല സുസ്ഥിര വികസന പദ്ധതിയാണ്. ഇക്കഴിഞ്ഞ വർഷങ്ങളിലായി 5,700ലധികം ജലസംഭരണികളുടെ സ്ഥാപനം, കൃഷിക്കും ദൈനംദിന ആവശ്യങ്ങൾക്കുമായി 137,000 കിലോ ലിറ്ററിലധികം ജലസംരക്ഷണം, സാമൂഹിക പങ്കാളിത്തത്തിലൂടെയും ഉപജീവനമാർഗ്ഗ വർദ്ധനയിലൂടെയും 48,300ലധികം ആളുകളുടെ ശാക്തീകരണം, പരിശീലനവും ശേഷി വർധനവും വഴി ഈ മുന്നേറ്റം നിലനിർത്താൻ 25ലധികം തദ്ദേശീയ കമ്യൂണിറ്റി ബോഡികളുടെ സ്ഥാപനം തുടങ്ങിയവയാണ് ഹരിത സമൃദ്ധിയുടെ പ്രധാന നേട്ടങ്ങൾ. ഹരിത സമൃദ്ധി ഒരു സിഎസ്ആർ പദ്ധതി മാത്രമായല്ല പ്രകൃതിയും സമൂഹവുമായുള്ള ഒരു പങ്കാളിത്തമായാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് യുണൈറ്റഡ് ബ്രൂവറീസ് ചീഫ് കോർപ്പറേറ്റ് അഫയേഴ്സ് ഓഫീസർ ഗരിമ സിംഗ് പറഞ്ഞു.

## കൊയ്‌ല ശക്തി  കൽക്കരി സ്മാർട്ട് ഡാഷ്ബോർഡ് ആരംഭിക്കുന്നു

**കൊച്ചി:** ഡിജിറ്റൽ പരിവർത്തനത്തിലേക്കും മെച്ചപ്പെട്ട ഡാറ്റാധിഷ്ഠിത ഭരണത്തിലേക്കുമുള്ള സുപ്രധാന ചുവടുവയ്പ്പുമായി കേന്ദ്ര കൽക്കരി മന്ത്രാലയം. 'കൊയ്‌ല ശക്തി' എന്ന പേരിൽ കൽക്കരി മേഖല പ്രവർത്തനങ്ങളുടെ തത്സമയ നിരീക്ഷണത്തിനും വിശകലനത്തിനുമുള്ള ഒരു ഏകീകൃത പ്ലാറ്റ്ഫോമായി വർത്തിക്കുന്ന ഒരു സ്മാർട്ട് കൽക്കരി അപഗ്രഥന ഡാഷ്ബോർഡ് (സ്മാർട് കോൾ അനലറ്റിക്സ് ഡാഷ്ബോർഡ്) ആരംഭിക്കാനാണ് കൽക്കരി മന്ത്രാലയും ഒരുങ്ങുന്നത്. കൽക്കരി ഉൽപ്പാദനം, ഗതാഗതം, വിതരണം എന്നിവ നിരീക്ഷിക്കുന്നതിന് ഏകീകൃത, തത്സമയ ഡിജിറ്റൽ ഇന്റർഫേസ് നൽകിക്കൊണ്ടുള്ള കൊയ്‌ല ശക്തിയുടെ സമാരംഭം ഈ ശ്രമത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണ്. ഡാറ്റാധിഷ്ഠിത തീരുമാനമെടുക്കൽ പ്രാപ്തമാക്കുകയും മുഴുവൻ കൽക്കരി ആവാസവ്യവസ്ഥയിലും സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുകയും ചെയ്യുന്ന പ്ലാറ്റ്ഫോമാണിത്. കൽക്കരി ഉത്പാദനം, ആവശ്യകത, ലോജിസ്റ്റിക്സ്, വിതരണം എന്നിവയുമായി ബന്ധപ്പെട്ട ഡാറ്റ സംയോജിപ്പിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും അതുവഴി മേഖലയിലുടനീളം പ്രവർത്തന സുതാര്യതയും കാര്യക്ഷമതയും ശക്തിപ്പെടുത്തുന്നതിനുമാണ് കൊയ്‌ല ശക്തി എന്ന ആശയം രൂപപ്പെടുത്തിയിരിക്കുന്നത്. ഈ ഡാഷ്ബോർഡ് തത്സമയ റിപ്പോർട്ടിംഗ്, പ്രകടന ട്രാക്കിംഗ്, ഒപ്റ്റിമൈസ് ചെയ്ത ലോജിസ്റ്റിക്സ് എന്നിവ പ്രാപ്തമാക്കുകയും തത്പരകക്ഷികൾക്കിടയിൽ തടസ്സമില്ലാത്ത വിവര പ്രവാഹം സുഗമമാക്കുകയും ചെയ്യും.

## മൊബൈൽ ബാങ്കിങ് ആപ്ലിക്കേഷനുകളിലൂടെ പ്രീമിയം അടയ്ക്കാം

**കൊച്ചി:** ഉപഭോക്താക്കൾക്ക് തങ്ങളുടെ താൽപര്യമുള്ള ബാങ്കിങ് മൊബൈൽ ആപ്പ് വഴി പ്രീമിയം അടക്കാനുള്ള സംവിധാനത്തിന് ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫ് തുടക്കം കുറിച്ചു. പ്രത്യേകമായി ഇന്റർനെറ്റ് ബാങ്കിങ് ലോഗിൻ വിവരങ്ങൾ നൽകാതെ തന്നെ സുരക്ഷിതമായി ഇതു ചെയ്യാനാവും. എൻപിസിഐ ബാങ്കിങ് കണക്ട് സംവിധാനം വഴിയാണ് ഇതിനു തുടക്കം കുറിച്ചിരിക്കുന്നത്.  ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിൽ അവതരിപ്പിച്ച ഈ സംവിധാനം പ്രയോജനപ്പെടുത്തുന്ന ആദ്യ ലൈഫ് ഇൻഷൂറൻസ് കമ്പനിയാണ് ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫ് എന്ന് ഐസിഐസിഐ പ്രുഡെൻഷ്യൽ ചീഫ് ഓപറേറ്റീങ് ഓഫിസർ അമിഷ് ബാങ്കർ പറഞ്ഞു.

ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട അനുഭവങ്ങൾ നൽകുകയും പ്രക്രിയകൾ ലളിതമാക്കുകയും ചെയ്യുകയെന്ന കമ്പനിയുടെ രീതികൾക്ക് അനുസൃതമായാണ് ഈ മൊബൈൽ ഫസ്റ്റ് പെയ്മെൻറ് രീതി അവതരിപ്പിച്ചിട്ടുള്ളത്. ഇതിനു പുറമെ ഉപഭോക്താക്കളുടെ വളർന്നു വരുന്ന താൽപര്യങ്ങൾക്ക് അനുസരിച്ചുള്ള ഇൻഷൂറൻസ് സേവനങ്ങൾ ലഭ്യമാക്കാനാണ് തങ്ങൾ ശ്രമിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ആമസോണിന്റെ ഇന്ത്യയിൽ നിന്നുള്ള ഇ-കോമേഴ്സ് കയറ്റുമതി 20 ബില്യൺ ഡോളർ കടന്നു

**കൊച്ചി:** ആമസോൺ ഗ്ലോബൽ സെല്ലിങ് പ്രോഗ്രാം വഴി ഇന്ത്യയിൽ നിന്ന് 2015 മുതൽ 2025 വരെയുള്ള ആകെ ഇ കോമേഴ്സ് കയറ്റുമതി 20 ബില്യൺ ഡോളർ എന്ന നാഴികക്കല്ലു പിന്നിട്ടതായി ആമസോൺ പ്രഖ്യാപിച്ചു. 2025ഓടെ ഇന്ത്യയിൽ നിന്നുള്ള ഇ-കോമേഴ്സ് കയറ്റുമതി 10 ബില്യൺ ഡോളറിലെത്തിക്കും എന്നായിരുന്നു ആമസോൺ നേരത്തെ പ്രഖ്യാപിച്ചിരുന്നത്. പിന്നീട് ഈ ലക്ഷ്യം 20 ബില്യൺ ഡോളറായി ഉയർത്തുകയായിരുന്നു. 2015ലാണ് ഇ-കോമേഴ്സ് കയറ്റുമതിക്കായുള്ള പതാകവാഹക പദ്ധതിയായ ആമസോൺ ഗ്ലോബൽ സെല്ലിങ് ഇന്ത്യയിൽ അവതരിപ്പിച്ചത്. 10 വർഷത്തിനിടെ രണ്ടു ലക്ഷം കയറ്റുമതിക്കാരാണ് ഇതിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. വിൽപനക്കാരുടെ എണ്ണത്തിൽ കഴിഞ്ഞ വർഷം 33 ശതമാനം വർധനവാണ് ഉണ്ടായത്. ഡൽഹി, രാജസ്ഥാൻ, ഗുജറാത്ത്, ഉത്തർ പ്രദേശ്, തമിഴ്നാട്, മഹാരാഷ്ട്ര, ഹരിയാന എന്നിവയാണ് ആമസോൺ ഗ്ലോബൽ സെല്ലിങ് വഴിയുള്ള കയറ്റുമതിയിൽ മുന്നിൽ നിൽക്കുന്നത്. ആരോഗ്യം, വ്യക്തിഗത പരിപാലനം, സൗന്ദര്യവർധക വസ്തുക്കൾ, കളിപ്പാട്ടങ്ങൾ, വീട്ടുപയോഗ വസ്ത്രങ്ങൾ, ഫർണിച്ചർ എന്നിവയാണ് മുന്നിൽ നിൽക്കുന്ന വിഭാഗങ്ങൾ. ആഗോള കയറ്റുമതിയിൽ ഇ-കോമേഴ്സിനുള്ള വർധിച്ചു വരുന്ന പങ്കാണ് ഈ നേട്ടങ്ങൾ വ്യക്തമാക്കുന്നതെന്ന് ആമസോൺ ഗ്ലോബൽ സെല്ലിങ് ഇന്ത്യ മേധാവി ശ്രീനിധി കൽവാപുഡി പറഞ്ഞു. 2030ഓടെ ആകെ ഇ കോമേഴ്സ് കയറ്റുമതി 80 ബില്യൺ ഡോളറിലെത്തിക്കാനാണ് തങ്ങൾ ലക്ഷ്യമിടുന്നത്. സാങ്കേതികവിദ്യാ മുന്നേറ്റം, ശേഷി വർധനവ്, പങ്കാളിത്തം എന്നിവയിലൂടെ ആഗോള വിൽപന ലളിതമാക്കാനാണു തങ്ങൾ ശ്രമിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആത്മവിശ്വാസത്തോടെ മുന്നേറാനുള്ള അവസരമാണ് ആമസോണിന്റെ സംവിധാനങ്ങൾ തങ്ങൾക്കു നൽകിയതെന്ന് ആമസോൺ ഗ്ലോബൽ സെല്ലിങിലെ വിൽപ്പനക്കാരിൽ ഒന്നായ ഹോംമോൺഡിൻറെ സ്ഥാപകൻ സർവേശ് അഗർവാൾ പറഞ്ഞു.

# കരിഷ്മ കപൂറുമായി ചേർന്ന് പുതിയ പ്രചാരണത്തിന് തുടക്കമിട്ട് ഹയാത്ത്

**കൊച്ചി:** ബോളിവുഡ് നടി കരിഷ്മ കപൂറുമായി സഹകരിച്ച് കൊണ്ട് ഒരു പുതിയ വേൾഡ് ഓഫ് ഹയാത്ത് ബ്രാൻഡ് പ്രചാരണം ആരംഭിക്കുന്നതായി ഹയാത്ത് പ്രഖ്യാപിച്ചു. അപ്ഗ്രേഡുകൾ, അനുഭവങ്ങൾ എന്നിവയ്ക്കായി റിഡീം ചെയ്യാവുന്ന പോയിന്റുകളിലൂടെ ആദ്യ താമസം മുതൽ തന്നെ മൂല്യം നൽകുന്ന ഒരു ലോയൽറ്റി പ്രോഗ്രാമായ വേൾഡ് ഓഫ് ഹയാത്തിന്റെ ഭാഗമാകാൻ യാത്രികരെ ക്ഷണിക്കുകയാണ് പ്രചാരണത്തിലൂടെ. അംഗത്വ തലത്തിൽ മുന്നേറുന്നതിനനുസരിച്ച് ആനുകൂല്യങ്ങളും വർദ്ധിക്കുന്നു. വേൾഡ് ഓഫ് ഹയാത്ത് ഒരു ലോയൽറ്റി പ്രോഗ്രാമിനുമപ്പുറം പലതുമാണെന്ന് ഹയാത്ത് ഇന്ത്യ ആന്റ് എസ്ഡബ്ല്യുഎ വാണിജ്യ ആർവിപി കാദംബിനി മിത്തൽ പറഞ്ഞു.എല്ലാ ലോയൽറ്റി പ്രോഗ്രാമുകളും അതിഥികൾക്ക് നിരവധി ആനുകൂല്യങ്ങൾ നേടാനുള്ള അവസരം നൽകുമ്പോൾ, വേൾഡ് ഓഫ് ഹയാത്തിനെ വ്യത്യസ്തമാക്കുന്നത് തങ്ങളുടെ പരിചരണത്തിന്റെ ഉദ്ദേശ്യമാണെന്നും വേൾഡ് ഓഫ് ഹയാത്തിലേക്ക് കരിഷ്മ കപൂറിനെ സ്വാഗതം ചെയ്യുന്നത് തങ്ങളുടെ പരിചരണത്തിന്റെ ഉദ്ദേശ്യത്തെ ഊഷ്മളവും, ബന്ധിപ്പിക്കുന്നതും, പ്രചോദിപ്പിക്കുന്നതുമാക്കി പ്രകടിപ്പിക്കാൻ തങ്ങളെ അനുവദിക്കുന്നുവെന്നും കാദംബിനി മിത്തൽ പറഞ്ഞു.

# ഫെഡറൽ ബാങ്കിൽ പ്രൊബേഷനറി ഓഫീസർ; 31വരെ അപേക്ഷിക്കാം

**കൊച്ചി:** രാജ്യത്തെ പ്രമുഖ സ്വകാര്യ ബാങ്കായ ഫെഡറൽ ബാങ്കിൽ പ്രൊബേഷനറി ഓഫീസർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. സെയിൽസ് ആൻഡ് ക്ലൈന്റ് അക്വസിഷൻ (സ്കെയിൽ 1) തസ്തികയിലേക്കുള്ള അപേക്ഷകൾ ഈ മാസം 31വരെ സ്വീകരിക്കുന്നതാണ്. ഓൺലൈൻ ആയിട്ടാണ് അപേക്ഷിക്കേണ്ടത്. ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തരബിരുദമാണ് അപേക്ഷിക്കാനുള്ള യോഗ്യത. രാജ്യത്തെവിടെയുമുള്ള ഫെഡറൽ ബാങ്ക് ശാഖകളിൽ നിയമനം ലഭിക്കാം.

നിയമനം ലഭിക്കുന്ന സ്ഥലവും മറ്റു ഘടകങ്ങളും പരിഗണിച്ച്, 12.84 ലക്ഷം മുതൽ 17 ലക്ഷം രൂപ വരെയായിരിക്കും വാർഷിക ശമ്പളം. 27 വയസാണ് പ്രായപരിധി. എസ് സി/ എസ് ടി വിഭാഗക്കാർക്കും ബാങ്കിങ്, ഫിനാൻഷ്യൽ സർവീസസ് ആൻഡ് ഇൻഷുറൻസ് (ബി എഫ് എസ് ഐ) മേഖലകളിൽ ഒരു വർഷത്തെ പ്രവൃത്തിപരിചയമുള്ളവർക്കും പ്രായത്തിൽ ഇളവുണ്ട്. ഓൺലൈൻ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്, ഗ്രൂപ്പ് ചർച്ച, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലാണ് നിയമനം. കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട് ജില്ലകളിലാണ് പരീക്ഷാകേന്ദ്രങ്ങളുള്ളത്. ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 31. വിശദവിവരങ്ങൾക്ക് സന്ദർശിക്കുക, www.federalbank.co.in/careser

# ലെൻസ്കാർട്ട് സൊല്യൂഷൻസ് ലിമിറ്റഡ് ഐപിഒ 31 മുതൽ

**കൊച്ചി:** ലെൻസ്കാർട്ട് സൊല്യൂഷൻസ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) ഒക്ടോബർ 31 മുതൽ നവംബർ നാല് വരെ നടക്കും. 2150 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 127,562,573 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ട് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 382 മുതൽ 402 രൂപവരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 37 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 37 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. അർഹരായ ജീവനക്കാർക്കായി നീക്കിവെച്ചിരിക്കുന്ന വിഭാഗത്തിൽ ഓഹരിയൊന്നിന് 19 രൂപവീതം ഡിസ്കൗണ്ട് ലഭിക്കും. ഓഹരികൾ എൻ.എസ്.ഇയിലും ബി.എസ്.ഇയിലും ലിസ്റ്റ് ചെയ്യും.

# റെനോ ഡസ്റ്റർ തിരിച്ചുവരുന്നു; ജനുവരി 26 ന് പുറത്തിറങ്ങും

**കൊച്ചി:** ഫ്രഞ്ച് വാഹന നിർമാതാക്കളായ റെനോ ഗ്രൂപ്പിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള അനുബന്ധ സ്ഥാപനമായ റെനോ ഇന്ത്യ രാജ്യത്തെ എസ്‌യുവി പ്രേമികൾ കാത്തിരുന്ന റെനോ ഡസ്റ്ററിന്റെ തിരിച്ചുവരവ് പ്രഖ്യാപിച്ചു. പുതിയ റെനോ ഡസ്റ്റർ ജനുവരി 26 ന് പുറത്തിറക്കും. 2012ൽ ഇന്ത്യയിൽ ആദ്യമായി പുറത്തിറക്കിയ റെനോ ഡസ്റ്റർ രാജ്യത്തെ എസ്‌യുവി വിപണിയെ പൂർണ്ണമായി മാറ്റിമറിക്കുകയും ഇന്നത്തെ പാസഞ്ചർ വാഹന വിപണയുടെ നാലിലൊന്ന് കരസ്ഥമാക്കിയ പുതിയൊരു വിഭാഗത്തിന് തുടക്കം കുറിക്കുകയും ചെയ്തു. റെനോയുടെ ഇന്റർനാഷണൽ ഗെയിം പ്ലാൻ 2027 ന്റെ ഭാഗമായി ഭാഗമായി ഇന്ത്യയിൽ പുറത്തിറക്കുന്ന ആദ്യ ഉൽപ്പന്നമാണ് ഈ പുതിയ ഡസ്റ്റർ. ഇന്ത്യ കേന്ദ്രീകരിച്ച് കമ്പനി നടപ്പാക്കുന്ന റെനോൾട്ട്. റീത്തിങ്ക് പദ്ധതിയുടെ ഭാഗം കൂടിയാണീ വാഹനമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.




# ടിവിഎസ് ക്രെഡിറ്റിന്റെ അറ്റാദായത്തിൽ 28 ശതമാനം വർധനവ്

**കൊച്ചി:** രാജ്യത്തെ മുൻനിര എൻബിഎഫ്സികളിൽ ഒന്നായ ടിവിഎസ് ക്രെഡിറ്റ് സർവ്വീസസ് നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ 385 കോടി രൂപയുടെ അറ്റാദായമുണ്ടാക്കി. മുൻ വർഷത്തെ അപേക്ഷിച്ച് 28 ശതമാനം വർധനവാണിത്. ഈ കാലയളവിൽ ഏഴു ശതമാനം വർധനവോടെ 3481 കോടി രൂപയുടെ വരുമാനവും കൈവരിച്ചു.

സെപ്റ്റംബർ 30ന് അവസാനിച്ച രണ്ടാം ത്രൈമാസത്തിൽ ആകെ കൈകാര്യം ചെയ്യുന്ന ആസ്തികൾ നാലു ശതമാനം വർധനവോടെ 27,807 കോടി രൂപയിലെത്തിയിട്ടുണ്ട്. ഇക്കാലയളവിലെ ആകെ വരുമാനം 1784 കോടി രൂപയാണ്. ഒൻപതു ശതമാനം വളർച്ചയാണ് ഇതു സൂചിപ്പിക്കുന്നത്.

ജിഎസ്ടി നിരക്കുകൾ കുറച്ചതിൻറെ ഫലമായി ഉപഭോക്തൃ ഉൽപന്നങ്ങളുടെ വിൽപനയിലുണ്ടായ വർധനവ് അടക്കമുള്ള ഘടകങ്ങൾ ടിവിഎസ് ക്രെഡിറ്റിന് മികച്ച നേട്ടം കൈവരിക്കാൻ സഹായകമായി.

നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ 25 ലക്ഷത്തിലേറെ പുതിയ ഉപഭോക്താക്കൾക്കാണ് ടി.വി.എസ് ക്രെഡിറ്റ് വായ്പകൾ വിതരണം ചെയ്തത്. ഇതോടെ ആകെ ഉപഭോക്താക്കളുടെ എണ്ണം 2.1 കോടിയിലെത്തി.


